THE
CHURCH WEEKLY

Vol. VIII. | SUNDAY 31st JANUARY 1954 | PRICE 2 ANNAS PER COPY | NO. 5

THE MANIFESTATION OF CHRIST AS GOD, PRIEST AND KING

(A Sermon, preached in the Garrison Church of St. Martin, Kuala Lumpur, Malaya, at Evensong on the First Sunday after the Epiphany, 1954 by the Reverend Father Laurence S, Jackson, M. A., L. Th., F. C F)

"And the *Wise Men* fell down and worshipped *Jesus*: and when they had opened their treasures, they offered unto him gifts".

S. Matthew II, 12.

On the sixth day of January the Church of God keeps the Feast of the Epiphany: In the western part of the Church, Jesus is brought before us as the Babe of Bethlehem, whom wise men from the Orient worshipped and adored. In that of the east, we are bidden to behold Jesus at Jordan's stream as the beloved Son of the Heavenly Father, crowned by the Holy Ghost And these truths are complementary, for Jesus is both God and Man, and because this is so, he is our Saviour, Redeemer and Lord,

Let us think first of those Wise Men whose arrival at Bethlehem has been the inspiration of poets and painters throughout the long history of our Christian faith. They come out of the darkness into the light and presence of the Incarnate Lord: they offer their gifts, and worship the Holy One. They pass on their way, and again the darkness closes upon them, and they are seen no more.

[illegible] for us Gentiles they have [illegible] significance, for they head [illegible] procession of the nations who [illegible] made their way to the feet [illegible] Master, and found in him all [illegible] ed for life, death and eter[illegible] he is the *Beloved Son* [illegible] her, and the elder [illegible] of whatever race and tongue, who have taken the trouble to seek and find the Saviour as the Magi did long years ago. And we do but follow in their train.

We cannot know how long their journy took, nor from which country they came The record states that they were Wise Men from the East who came to Jerusalem seeking him who was born *King of the Jews.* They sought him at the royal palace, but they found him not and herein the lesson of Christmas is again emphasized. Jesus the King of Heaven, the Maker of the universe, when he honoured humanity by accepting a body of flesh and blood, chose not to sojourn among kings and princes. He preferred to dwell in a cottage rather than a palace, and to live as a poor man's child, and this because he loved us.

Therefore the Wise Men left Jerusalem, the City of Peace, as the name implies, though there was no peace there, even in the days of Herod But now they were in possession of definite information. For King Herod had bidden his scribes search the sacred rolls, and this prophecy had been found: "*And thou Bethlehem in the Land of Juda, art not the least among the princes of Juda: for out of these shall come a Governor, that shall rule my people Israel*" (S. Matthew II, 6) So they departed from the king's house, and continued on their way.

What had prompted these men to leave their homes and seek the King of the Jews? It would seem that they were deeply religious men steeped in the knowledge of ancient prophecies. They were looking for a Ruler, who would redeem the world. They were also astrologers, who believed that the heavens revealed the purposes of the creator, They had learned that a "*Star would come forth from Jesse*", and when they beheld a bright Star shining in the firmament, they recognised the celestial portent, and their conviction was so great that they left their homeland to seek for the King.

And as he was not in the capital city, they went to Bethlehem And as they departed from the king, lo, the star which they saw in the east, went before them. Apparently it had not been visible on their journey hitherto. *And they rejoiced with exeeding great joy.* (S. Matthew II, 10). It became their companion for the rest of the way, and "*went before them till it came and stood over where the young child was*". (S. Mathew II, 9).

I like to picture the Magi and their retinue entering the little town—the Kings with their camels and servants wending their way through the narrow streets to the humble abode of Mary, Joseph and the Babe; rejoicing because their pilgrimage was now at an end, and that soon they would behold the "*Beloved One*". I see them dismount from their beasts of burden, and stoop to enter the narrow door of the Cottage of the Epiphany, for the Holy Family had left stable when the crowds had gone. I see them kneeling on the earthen floor, gazing with awe and reverence upon the face of a little child, as he lay in the arms of a peasant woman, with a humble carpenter in the background. I see them offer their "*gifts of mystic meaning*" to the Infant Saviour, and depart in contentment and peace, while Mary quietly contemplated the scene and stored up the memory thereof in

her heart. The Wise Men were happy, because the object of their pilgrimage had been fulfilled. They had found him whom the star foretold; so their faith in the purpose of God had been vindicated. That faith was a greater treasure than all their wealth and possessions, for it had brought them into the presence of the Blessed Babe of Bethlehem; and they had found their Heart's Desire: In faith they worshipped and adored, and returned to their own land.

It was the same faith which had made them leave their homes, for it was faith in the promises of God as revealed in the bright star of the celestial firmament and in the words of the ancient prophecies. that made them sure that the Deliverer had come. So in faith they endured the hazards of their pilgrimage What difficulties they must have encountered on their way! There must have been steep ascents and descents there must have been rivers and torrents to cross: there must have been dangerous places where the robber and murderer lurked, but they persevered; and at the end of their seeking, they beheld the glory of God in the face of a little child, In faith they offered their gifts to the Holy One, and gave him divine worship.

One of the gifts which they offered to Jesus was frankincense, incense of the best and purest And incense is always associated with the Deity. You will remember that the early Christians were frequently asked to offer incense to false God's and thus deny their faith. So, when the Wise Men gave incense to the Saviour, they were paying him divine honours How could they perceive the unseen Deity in the little child on Mary's knee? And the answer is that the faith which had made them "*traverse field and fountain, moor and mountain*" had been strengthened by God to see beneath the flesny members of the young child that "Beloved Son in whom the Father was well pleased". That acknowledgement would be made, thirty years later when the little Babe—then a full grown man—would be baptized by St. John the Herald in Jordan's waters; and the Holy Ghost in the form of a dove would rest upon him and the Father's voice would speak from heaven.

A second gift was myrrh, a bitter perfume associated with burial. And we think of the evening of the first Good Friday, when this same Jesus, after the pain and anguish of the Crucifixion had surrendered his life to his Father, and his dead body had been carried to the new tomb in which no man had laid. There Joseph of Armathia to whom the sepulchre belonged, had performed the last offices, annointing the sacred body with myrrah and spices and wrapping it in fair linen.

Before the Lord died, he had cried out: *Consummatum est* (It is finished). What had been accomplished? The Sacrifice for the sin of the whole world. Christ had made of his rough cross an altar on which he had offered himself as the "Lamb of God, who taketh away the sins of the world". The eternal God who could not die, had found a way by means of a human body to accept death that mankind might be ransomed and redeemed. And his crucifixion and death were but the focal point of the entire life of the Master. As the Divine Victim, he stretched out his limbs upon the Altar of the Cross: as the Eternal High Priest he made the Sacrifice of himself + His claim "*No man taketh my life from me. I have power to lay it down: I have power to take it up agin*", was vindicated at the Resurrection. So our Lord is the Great High Priest who on Calvary offered to God the one perfect and sufficient sacrifice which the Father could receive, for he alone is perfect God and Man. It was however through a created body, that satisfection was rendered to the Maker of the universe. Therefore appropriately that body was annointed with myrrh, the sign of sacrifice and priesthood, in Joseph's tomb on the first Good Friday. So in Jesus, every priest, whether celestial or terrestrial, finds his counterpart. Christ like Melchisedec, has no beginning nor end, and even now, in heaven, He pleads for his children, the merits of his own atoning sacrifice. Furthermore earthly priests, standing at our lesser altars, do plead the same merits of his redeeming oblation, *until he come again.*

(*To be continued*)

ക്രൈസ്തവലോകവാർത്തകൾ

(കെ. വി. എം.)

ഒക്കിനാവായിലെ സുവിശേഷ പ്രവർത്തനം

രണ്ടാംലോക മഹായുദ്ധത്തിൽ ഒക്കിനാവാ ദ്വീപിനും വമ്പിച്ച നാശങ്ങൾ നേരിട്ടു. അതു ഒരമേരിക്കൻ താവളമായിരുന്നു. അവിടെ പാർത്തിരുന്ന ഭടന്മാർക്കു നാട്ടുകാരോടു ക്രിസ്തുവിനെപ്പററി പറയുന്നതിനു വലിയ ആഗ്രഹം ഉണ്ടായി. വിശ്വാസത്തോടും, പ്രത്യാശയോടുംകൂടി നാട്ടുകാർ അവരുടെ ഭവനങ്ങളും മററും പുനരുദ്ധരിച്ചു. ഡ്യൂട്ടിയില്ലാത്ത അവസരങ്ങളിൽ ഭടന്മാർ ബൈബിൾ ക്ലാസ്സുകൾ നടത്തുകയും, പള്ളികൾ പണിയുന്നതിനു സഹായിക്കുകയും ചെയ്തു. അവർ സ്വന്തം പണം ചെലവാക്കി ദേവാലയങ്ങൾ നിർമ്മിച്ചു. ദ്വീപിന്റെ വിവിധഭാഗങ്ങളിൽവച്ചു നടത്തപ്പെട്ട ബൈബിൾ ക്ലാസ്സുകളിൽ ആബാലവൃദ്ധം ജനങ്ങളും താല്പര്യപൂർവ്വം പങ്കെടുത്തു. ഈ ക്രിസ്തീയ സുവിശേഷത്തിന്റെ പ്രചരണത്തോടുകൂടി നിലവിലിരുന്ന പല അനാചാരങ്ങളും അവസാനിച്ചു.

സ്വിററ്സർലണ്ട്

ബാസ്ലി സർവ്വകലാശാലയിലെ ഒരു പ്രൊഫസറായ ഡോ. കാൾബാത്തിന്റെ പ്രവർത്തനംമൂലം സ്വിററ്സർലണ്ടിൽ മതപരമായ ഒരു നവോത്ഥാനം സംജാതമായിരിക്കുന്നു. ഡോ. കാൾബാത്തിന്റെ സുവിശേഷപ്രസംഗങ്ങൾ കത്തോലിക്കരെയും ആകർഷിച്ചിരിക്കുന്നു. ചിന്താശക്തി ഉപയോഗിക്കുന്നതിനാൽ അനേകർക്കു മതം കണ്ടെത്തുന്നതിനു സാധിച്ചിരിക്കുന്നു. ഡോക്ടറന്മാരും, വക്കീലന്മാരും, ഇതര തൊഴിലുകളിൽ ഉൾപ്പെട്ടിരിക്കുന്ന
വരും ചിന്തകളുടെ ഫലമായി മതജീ
വിതത്തിന്റെ മധുരിമയിലേക്കു വന്നു
ചേർന്നിരിക്കുന്നവരത്രെ. പ്രൊട്ടസ്റ്റന്റു
കാരും, കത്തോലിക്കരും, സ്നേഹപൂർവ്വ
വർത്തിക്കുന്നതുകൊണ്ടാണ് ഈ നവോ
ത്ഥാനം ഉണ്ടായിരിക്കുന്നതെന്നു പ
യാം: മുതലാളിത്വ വ്യവസ്ഥിതിയും
ററ്സർ ലണ്ടിൽ മതപരമായ ജ
തത്തെ സഹായിക്കുന്നുണ്ട്. അവ
തൊഴിൽതർക്കങ്ങൾ ഇല്ലാത്തതി
ഐശ്വര്യം സുഖജീവിതത്തിനു
നി വരുത്തുന്നില്ല.

ദുഃഖിതന്മാരിൽ തലവനായ മാർ ബർസൗമാ

(തോമസ്. ചെറിയാൻ ദീപം പത്രാധിപർ)

ഞായറാഴ്ച പള്ളിയിൽ വച്ചു കുർബാനക്രമത്തിൽ തുബ്ദേൻ വായിക്കുന്നതു കേട്ടുകൊണ്ടിരിക്കുമ്പോൾ, 'ദുഃഖിതന്മാരുടെ തലവനായ മോറാൻ മാർ ബർസൗമായും, മാർ ശെമഓൻ ദെസ്തൂനിയും, എന്നു വായിക്കുന്നതുകേട്ടു ഈ പേർ പറയുന്നതാരെയായിരിക്കാം എന്നറിയുന്നവർ എത്ര പേരുണ്ട് എന്നു ഞാനന്നാലോചിച്ചുപോയി. പള്ളിയിൽ പട്ടക്കാരൻ ശുശ്രൂഷകൾ ചൊല്ലുന്നതുംകേട്ട് വെറുതെ ഇരുന്നു പോരുന്നവരല്ലേ നമ്മുടെകൂട്ടത്തിൽ നൂററിന് തൊണ്ണൂററി ഒൻപതു ശതമാനവും. ആരാണ് പറയുന്നവരെന്ന് എനിക്കു അദ്യം നിശ്ചയമുണ്ടായിരുന്നില്ല ഉള്ളതു പറയാമല്ലൊ. പള്ളിയിൽനിന്നു ഇറങ്ങിയ വഴി തന്നെ വളരെ ഉയർന്ന പല ഉദ്യോഗങ്ങളിലുമിരുന്നു, പെൻഷൻ വാങ്ങി വിശ്രമജീവിതം നയിക്കുന്ന ഒരു മാന്യനോട് ചോദിച്ചു, ഇതാരാണെന്നറിയാമോയെന്ന് "എനിക്കറിയില്ല! അതേക്കുറിച്ചന്വേഷിച്ചിട്ടില്ല" എന്നാണു മറുപടി ലഭിച്ചതു്. പല വിദ്യാർത്ഥികളോടുംചോദിച്ചു. ചിലർ പറഞ്ഞു, തുബ്ദേനിൽ ഉള്ളതാണെന്ന് മററു ചിലക്ക് അതുമറിഞ്ഞുകൂടാ. അപ്പോൾ ഞാനാലോചിക്കുകയുണ്ടായി: നമ്മുടെ സഭയുടെ ചരിത്രത്തിലും തത്വങ്ങളിലും എത്രയോ അജ്ഞരാണു നമ്മിൽ വളരെ അധികം പേരും എന്ന്. ഇതിനോടടുത്തുള്ള ഒരു വഴിയിൽ, "സുറിയാനിക്കാരുടെ കിരീടവും ദൈവത്തിന്റെ വിശുദ്ധ സഭ മുഴുവന്റെയും വായും തൂണും മൽപാനും പുഷ്പങ്ങൾകൊണ്ടു നിറഞ്ഞ മേച്ചിൽ സ്ഥലവും മറിയാംസംശയംകൂടാതെ ദൈവമാതാവെന്ന് എല്ലായ്പ്പോഴും പ്രസംഗിച്ചവനുമായ ഞങ്ങളുടെ പാത്രിയർക്കീസ് മാർ സേവേറിയോസ്" എന്നു പറയുന്നു. തൃശ്ശൂരെ കൽദായ സുറിയാനി സമുദായത്തിലെ ഒരു മാന്യൻ നടത്തുന്ന ഓയിൽമില്ലി[illegible] പേരു "മാർബർസൌമാ മില്ലേ" [illegible]ണ്. മറിയാമിനെ ദൈവമാതാവെ[illegible] വിളിക്കുന്നതു് തെററാണെന്നു വി[illegible]സിക്കുന്നവരാണ് കൽദായ സുറി[illegible]നിക്കാർ. അവരും നാമും ഒരുപോ[illegible]ബഹുമാനിക്കുന്ന ഒരു പരിശുദ്ധ[illegible]രിക്കുന്ന മോറാൻ മാർബർസൌ[illegible] ബദേനിൽ ഓർക്കുന്ന പിതാക്ക[illegible] അദിമ സഭയെ വളർത്തു[illegible]സപ്പെട്ടു പ്രവർത്തിച്ചവരാണല്ലൊ. അതുകൊണ്ടു തന്നെയാണു് നാം അവരെ നമ്മുടെ കുർബാന സമയത്തു് ഓർക്കുന്നതു്. പക്ഷെ ഇതെന്തിനാണെന്നും ഈ ആളുകൾ ആരാണെന്നും ജനങ്ങൾക്കു് മനസ്സിലാകത്തക്കവണ്ണം നമ്മുടെ "സൺഡേസ്കൂളു"കളിൽ ശരിക്കു പഠിപ്പിക്കുന്നില്ലെന്നുള്ളതു് ശോചനീയം തന്നെ.

ഇന്ന് റോമാസഭ നമ്മെക്കാൾ എത്രയോ പുരോഗമിച്ചു വരുന്നുണ്ട്. അവർക്കു നിത്യേനയെന്നോണം പുതിയ പുതിയ വിശുദ്ധന്മാർ ഉണ്ടായി വരുന്നുണ്ട്. ഒരാളെ വിശുദ്ധനാണെന്നു നാമകരണംചെയ്തു കഴിഞ്ഞാലുടൻ തന്നെ അവരുടെ ജീവചരിത്രമായും മററും എത്രയോ പുസ്തകങ്ങളാണു് അവർ പ്രസിദ്ധപ്പെടുത്തുന്നതു്. നമുക്കു ശരിയായ ഒരു സഭാചരിത്രം പോലും ഉണ്ടായിട്ടില്ലെന്നതാണു് വാസ്തവം. ഞായറാഴ്ച പള്ളിയിൽ മണിയടിച്ചു തുടങ്ങുന്നതു മുതൽ തീരാറാകുന്നതുവരെ ഇങ്ങിനെ പൊഴിഞ്ഞു പൊഴിഞ്ഞു ആളുകൾ വന്നു ചേരുകയും അച്ചനും ശുശ്രൂഷക്കാരും ചൊല്ലുന്നതു കേട്ടു നിൽക്കുകയും അതു കഴിഞ്ഞു് പുറത്തേക്കു വന്നു, സ്നേഹിതന്മാരുമായി കുറച്ചുനേരം വർത്തമാനം പറഞ്ഞു് വീട്ടിൽ പോകുകയുമാണല്ലൊ നമ്മുടെ പള്ളിയിൽ പോക്കിന്റെ പരിപാടി. അതു തന്നെയാണു് നമ്മുടെ സഭയുടെ ഇന്നത്തെ സ്ഥിതിക്കുള്ള കാരണം. ഡെൽഹിയിലും മദ്രാസിലുമുള്ള പ്രശസ്തരായ അഭിഭാഷകർക്കു് കൊല്ലം തോറും കൊടുക്കുന്ന പണത്തിന്റെ ഒരു നിസ്സാരമായ ഭാഗമുണ്ടെങ്കിൽ എത്രയെത്ര പുസ്തകങ്ങൾ, നമ്മുടെ സഭാതത്വങ്ങൾ ജനങ്ങൾക്കു മനസ്സിലാകത്തക്കവണ്ണം, പ്രസിദ്ധപ്പെടുത്തുവാൻ കഴിയുമായിരുന്നു.

നമ്മുടെ പിതാവായ മാർ യാക്കോബുബുർദ്ദാനായും മാർ ഇസ്ഹാക്കും മാർ ബാലായിയേയുംകാൾ കൂടുതൽ വിവരം നമ്മുടെയാളുകൾക്കു് വീരരാഘവയ്യങ്കാരേയും ചാററു് ഫീൽഡിനെയും നോക്സിനേയും കുഞ്ഞിരാമനേയും കുറിച്ചായിരിക്കുമെന്നുള്ളതു് തീർച്ച തന്നെ. ഒരു ഇരുപത്തിയഞ്ചു കൊല്ലങ്ങൾക്കു മുമ്പ് മദ്ധ്യതിരുവിതാംകൂർ പ്രദേശങ്ങളിൽ റോമാസഭക്കാരെക്കുറിച്ചു കേട്ടറിഞ്ഞിരുന്നതല്ലാതെ കണ്ടറിഞ്ഞിരുന്നില്ല. ഇന്നു അവർക്കു അവിടെ എത്രയെത്ര പള്ളികളും സ്കൂളുകളും മററു സ്ഥാപനങ്ങളുമായിരിക്കുന്നു? എന്തിനു്, കോട്ടയം പട്ടണത്തിൽത്തന്നെ ഒരു മുപ്പതു കൊല്ലത്തിനു മുമ്പ് ഇപ്പോഴത്തേതുമായി റോമൻ കത്തോലിക്കാ സമുദായത്തിനുള്ള സ്ഥാനത്തിനു് എന്തു വ്യത്യാസമുണ്ടായിരുന്നു എന്നാലോചിച്ചു നോക്കുക. മലങ്കര സഭ ആദിമ കാലം മുതൽക്കു തന്നെ റോമാസഭയ്ക്കു കീഴ്പ്പെട്ടുനിന്നിരുന്നു എന്നൊരു ചരിത്രമാണു് സുറിയാനി കത്തോലിക്കർ ഇന്നു പ്രചരിപ്പിച്ചു വരുന്നതു്. അതിനനുകൂലമായ രീതിയിൽ അവർ വളരെയധികം പ്രചരണം നടത്തി വരുന്നുമുണ്ടു്. അതേതു കത്തോലിക്കനും അറിയാം. നമ്മുടെയാളുകൾക്കും അതു് ധാരാളമായി ലഭിച്ചു വരുന്നുണ്ടു്. പക്ഷെ, അതിന്റെ എതിർവശം പറയാനുള്ളതെന്താണെന്നു നമുക്കറിവില്ല. അതു് പറഞ്ഞുകൊടുക്കുവാൻ യാതൊരു പ്രചരണവുമില്ല. കത്തോലിക്കരാണെങ്കിൽ, ഈ പ്രചരണം സ്ഥായിയായി വിശ്വസിച്ചു അതിനെയനുകൂലിക്കുന്നു. അതിനെന്തു എതിരുപറഞ്ഞാലും അവർ വിശ്വസിക്കുകയുമില്ല. അടുത്തകാലത്തു ഒരു റോമൻ കത്തോലിക്കാമാന്യനുമൊരുമിച്ചു യാത്രചെയ്യുമ്പോൾ, ആദിമമലങ്കരസഭയുടെ കാര്യം ചർച്ചയ്ക്കു് വിഷയമായി. അവർ പൂർവ്വികമായിത്തന്നെ റോമസഭയിൽ പെട്ടവരായിരുന്നുവെങ്കിൽ പിന്നെ മെത്രാൻപട്ടാഭിഷേകത്തിനു് ലത്തീൻ ക്രമമുപയോഗിക്കുന്നതെന്തിനെന്നു് ഞാൻ ചോദിച്ചു. കുർബാന തക്സയും മററു അത്യാവശ്യ ക്രമങ്ങളും തെദേവും ലാൽ അലാഹാ എന്നും തർജ്ജിമ ചെയ്ത ഗീതവുമൊഴിച്ചു ബാക്കിയെല്ലാററിനും ലത്തിൻ ഭാഷയെ സുറിയാനിക്കാർ എന്തിനാശ്രയിക്കുന്നുവെന്നും ഞാൻ ചോദിക്കുകയുണ്ടായി. അതുകൊണ്ടു് തെറെറാന്നുമില്ലഎന്നു പറഞ്ഞൊഴിയുവാൻ ആ മാന്യൻ ശ്രമിക്കുകയാണുണ്ടായതു്. അതിനെക്കുറിച്ചു കൂടുതൽ ആലോചിക്കുക പോലുമുണ്ടായില്ല. അതിന്റെയാവശ്യമവർക്കില്ല. അത്രയ്ക്കു് അരക്കിട്ടുറപ്പിച്ചിരിക്കുകയാണു് അവരുടെ വിശ്വാസങ്ങൾ. നേരെമറിച്ചു, നമുക്കാണെങ്കിൽ, ഞാൻ മുൻപു പറഞ്ഞതുപോലെ അവരുടെ വശം പഠിക്കുവാൻ സൌകര്യമുണ്ടു്, നമ്മുടെ കാര്യം അറിയുവാൻ പാടില്ലാതാനും. ഇതിനൊക്കെയാണു് 'ചർച്ചുവീക്കിലി'യെപ്പോലുള്ള പത്രങ്ങൾ സഭയിലുണ്ടായിരിക്കേണ്ട ആവശ്യം നേരിടുന്നതു്. റോമാസഭക്കാർ പ്രചരണത്തിനുവേണ്ടി അവരുടെ പത്രങ്ങളുടെ എത്രയെത്ര പ്രതികളാണു് ന

സഭാസംയോജനത്തിൽ ഓർത്തഡോക്സ് സഭയുടെ നില

(റവ. ഡീക്കൻ ഡാനിയേൽ എൻ. വറുഗീസ്, ആഗ്ര)

സഭകൾ തമ്മിലുള്ള യോജിപ്പിനെ പരാമർശിച്ച് അനേക ലേഖനങ്ങൾ ഈ അടുത്ത കാലങ്ങളിൽ 'ചർച്ച് വീക്ക്ലി'യിൽ പ്രത്യക്ഷപ്പെടുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ സഭാസ്നേഹികൾക്കുള്ള അനല്പമായ ആഗ്രഹത്തെയാണ് അതു സൂചിപ്പിക്കുന്നത്. ആയതിനാൽ ആ വിഷയം സംബന്ധമായി തന്നെ ഒരു ലേഖനം കൂടി എഴുതുന്നത് ഒരിക്കലും അനുചിതമായിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ലോകത്തിലുള്ള വിവിധ സഭകളുടെ യോജിപ്പിനെപ്പററി നാം ചിന്തിക്കുമ്പോൾ ഓർത്തഡോക്സ് സഭകളുടെ നിലപാടെന്തെന്നു കാണിക്കുവാനാണു ഞാൻ ശ്രമിക്കുന്നത്.

യേശുക്രിസ്തു തന്റെ ശിഷ്യന്മാരെ സുവിശേഷം പ്രചരിപ്പിക്കുന്നതിനായി ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും അയച്ചു. അപ്പോസ്തോലന്മാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുററി സഞ്ചരിച്ചു സുവിശേഷഘോഷണം ചെയ്തു. ക്രിസ്തു സഭകൾ സ്ഥാപിക്കുകയും അവയുടെ തുടർച്ചയായ നിലനിൽപ്പിനു വേണ്ടി ആചാര്യശ്രേഷ്ഠന്മാരെ വാഴിച്ചു ഭരണക്കൂടങ്ങളിൽ അവരോധിക്കുകയും ചെയ്തു. പല സ്ഥാനങ്ങളിലായി വ്യാപിച്ചു കിടന്നിരുന്ന സഭകളുടെ വിവിധങ്ങളായ ഉപദേശങ്ങളെയും ആരാധനാസമ്പ്രദായങ്ങളെയും ഏകീകരിച്ചു ക്രമീകരിക്കുന്നതിനും വ്യവസ്ഥാപിതമായി സംഘടിപ്പിക്കുന്നതിനും വേണ്ടി എ. ഡി. 325-ൽ നിഖ്യാ സുന്നഹദോസ് കൂടുകയും സഭകളുടെ കാതലായ വിശ്വാസപ്രമാണത്തെയും ചട്ടങ്ങളെയും അവിടെ വച്ചു നിശ്ചയിച്ചംഗീകരിക്കുകയും ചെയ്തു. കൂടാതെ ഭരണസൗകര്യത്തെ ലാക്കാക്കി ലോകം മുഴുവനുമുള്ള ക്രിസ്തുസഭയെ നാലായി വിഭാഗിച്ച്, ഓരോ വിഭാഗത്തിന്റെയും പരമാദ്ധ്യക്ഷസ്ഥാനം അന്ത്യോക്യാ അലക്സാന്ത്രിയാ, കുസ്തന്തീനോസ്, റോം എന്നിവിടങ്ങളിലാക്കുകയും ചെയ്തു. എന്നാൽ ഈ നാലു ദിക്കിലെയും സഭാദ്ധ്യക്ഷന്മാരായ പാത്രിയർക്കീസന്മാർ തമ്മിൽ അധികാരാവകാശങ്ങൾ സംബന്ധിച്ചു പിൽക്കാലങ്ങളിൽ പരസ്പരം വടംവലി നടത്തിയിട്ടുണ്ട്. പക്ഷെ ഏതാണ്ടു പത്താം നൂററാണ്ടു വരെയുള്ള സഭാവിശ്വാസികളിലും കാനോനാകളിലും ആരും കാര്യമായ യാതൊരു വ്യതിയാനങ്ങളും നടന്നിട്ടില്ല. സഭ ദൈവികമായ ഒരു സ്ഥാപനമാണ്; മുകളിൽ നിന്നാണ് അതിനു് അടിസ്ഥാനം ലഭിച്ചിട്ടുള്ളത്. സഭ സർവ്വ അനുഗ്രഹങ്ങളുടെയും സത്യങ്ങളുടെയും ഉറവയും മിശിഹായുടെ ശരീരവും മണവാട്ടിയുമാണ്. മാമോദീസാ മുതൽ അദൃശ്യസംഘത്തിലെ അംഗത്വം നേടുകയും മിശിഹായെ ധരിക്കുകയും ചെയ്യുന്നു. "ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നിങ്ങളെല്ലാവരും ദൈവത്തിന്റെ മക്കളാകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. (ഗലാത്യർ 3: 26, 27). സഭ ഒരു ദിവ്യസംഘമായതു കൊണ്ട് അതിലെ ഭരണക്കൂടവും ദിവ്യമാണ്. അപ്പോസ്തോല കൈവെപ്പു മൂലം ആചാര്യശ്രേഷ്ഠന്മാരെ ഭരണകൂടാധിപന്മാരാക്കിയിരിക്കുന്നു. ഒരു സഭയുടെ മർമ്മമെന്നു പറയുന്നതു് അതിലെ പൗരോഹിത്യമാണ്. ക്രിസ്തുവിനാൽ ആരംഭിക്കപ്പെട്ടിട്ടുള്ള അപ്രത്യക്ഷങ്ങളായ കൃപയുടെ പ്രത്യക്ഷമായ അനുഭവങ്ങളായ ക്രൂദാശകൾ പുരോഹിതന്മാർ വഴിയാണു സഭയ്ക്കു ലഭിക്കേണ്ടത്. ഒരു സഭയിൽ പുരോഹിതപിൻതുടർച്ച അനുസ്യൂതം തുടരുന്നില്ലെങ്കിൽ ആ സഭയിൽ വിശുദ്ധ ക്രൂദാശകളുടെ അനുഭവമാർഗ്ഗം നിലച്ചുപോകുന്നു. ആയതിനാൽ അപ്പോസ്തോലിക കാലം മുതൽ മുടങ്ങാതെ നിലനിന്നു വരുന്ന കൈവയ്പ്പു് ഒരു സഭയുടെ നിലനില്പിനു് അനുപേക്ഷണീയമാണ്. ഈവക സംഗതികളെല്ലാം അന്നത്തെ സഭകൾ യഥാർത്ഥമായി വിശ്വസിക്കുകയും അനുഷ്ഠിക്കുകയും ചെയ്തുവന്നിരുന്നു. ഇന്നും ഓർത്തഡോക്സ് സഭകൾ ഈ വിശ്വാസത്തിൽ അധിഷ്ഠിതമായിരിക്കുന്നു.

11-ാം നൂററാണ്ടായപ്പോഴേക്കു സഭകൾ പാശ്ചാത്യമെന്നും പൗരസ്ത്യമെന്നും രണ്ടായി പിരിഞ്ഞു. 16-ാം നൂററാണ്ടു പിറന്നതു നവീകരണവുമായിട്ടാണ്. മാർട്ടിൻ ലൂതർ, കാൽവിൻ തുടങ്ങിയവരുടെ നവീനോപദേശങ്ങൾ അന്നത്തെ പാശ്ചാത്യസഭാവിശ്വാസങ്ങളിലും മൗലികസിദ്ധാന്ത (Doctrines)ളിലും ധാരാളം വ്യത്യാസങ്ങൾ വരുത്തി. സ്വിററ്സർലണ്ട്, ഇററലി, സ്പെയിൻ, ഡെൻമാർക്ക്, സ്വീഡൻ, നെതർലണ്ട്, ഇംഗ്ലണ്ട്, സ്കോട്ട്ലണ്ട്, അയർലണ്ട് മുതലായ രാജ്യങ്ങളിലെ നവീകരണത്തിന്റെ ഫലമായി പ്രോട്ടസ്റ്റൻറുകാർ എന്ന പൊതുപേരിൽ അനേക സഭകൾ പാശ്ചാത്യരാജ്യങ്ങളിൽ രൂപം പ്രാപിച്ചു. ഇന്നു നാം കാണുന്ന പട്ടത്വമില്ലാത്ത (non-episcopal) സഭക്കാരുടെയും, വേർപാടുകാരുടെ (non-conformist)ടെയും മററും ഉപദേശങ്ങളും മതതത്വങ്ങളും കാൽവിട്ടൻറ വേദോപദേശങ്ങളോടും പഠിപ്പിക്കലിനോടും ഏററം താദാത്മ്യം ഉള്ളതായി നമുക്കു കാണാവുന്നതാണ്. 'സഭയെന്നു പറയുന്നതു ലോകത്തിലുള്ള എല്ലാ ക്രിസ്തുവിശ്വാസികളും ഉൾപ്പെട്ട ഒരു അദൃശ്യസമൂഹമാണ്. ക്രിസ്തുവിന്റെ മരണത്തിലും ക്രൂശിലെ പ്രായശ്ചിത്തത്തിലും വിശ്വസിക്കുന്ന ഏവനും രക്ഷിക്കപ്പെടും. ക്രൂദാശകൾ രക്ഷയ്ക്കാവശ്യമായ ഘടകങ്ങളല്ല, മാമോദീസാ നിർബന്ധമായിട്ടുള്ള തല്ല, പട്ടത്വമെന്നു പറയുന്നതു വെറും കല്പിത കഥയാണ്. എല്ലാസഭാംഗങ്ങളും രാജകീയ പുരോഹിത (royal priesthood) വർഗ്ഗക്കാരാകയാൽ സ്ത്രീപുരുഷഭേദമെന്യേ ആർക്കും പുരോഹിത ശുശ്രൂഷ നടത്താവുന്നതാണ്. ഒരു വ്യക്തിയുടെ വിശ്വാസവും (faith) സിദ്ധാന്ത വു (doctrines) എന്തായിരുന്നാലും, മാമോദീസാമുങ്ങിയിട്ടില്ലാത്ത ആളാണെങ്കി തന്നെയും അവർക്കു മറേറ ക്രി അർപ്പിക്കുന്ന വി. കുർബാന അനു ക്കാവുന്നതാണു. ഇതെല്ലാമാണ് കരിക്കപ്പെട്ട വിശ്വാസോപദേശ

(തുടരും)

—0—

മ്മുടെ യാളുകളുടെയിടയിൽ സൌജന്യമായി പ്രചരിപ്പിക്കുന്നതു്? നമുക്കാണെങ്കിൽ, ഉള്ള പത്രങ്ങളെ പ്രോത്സാഹിക്കുവാൻതന്നെ സഭാമേലദ്ധ്യക്ഷന്മാരും നേതാക്കന്മാരും ശ്രദ്ധിക്കുന്നതേയില്ല. സഭാതത്വങ്ങളും ചരിത്രവും നമ്മുടെയാളുകളുടെയിടയിൽ കൂടുതൽ കൂടുതൽ പ്രചരിപ്പിച്ചാലല്ലാതെ നമുക്കു പുരോഗതി ഉണ്ടാവുകയില്ല എന്നു തീർത്തു പറയാം.

മലബാർ ഭദ്രാസനസന്ദർശനം.

(ബിഷപ്പ് മാർ പത്രോസ് ഒസ്താത്തിയോസ്)

മംഗലാപുരം, 22-1-1954 ഷൊറണ്ണൂർ തീവണ്ടിസ്റ്റേഷനിൽ ഞങ്ങൾ ഇറങ്ങാട്ടു വണ്ടികയറുവാൻ നിൽക്കുമ്പോൾ, ഒരു ബ്രാഹ്മണയുവാവു, "കാതോലിക്കാബാവാ തിരുമനസ്സിലേക്കു വളരെ ആശ്വാസമുണ്ടു്, ഇതാ വാർത്ത, ദേനക്ക്ര, മലയാളമനോരമ, ഒരണവില" എന്നു വിളിച്ചു പറഞ്ഞു് അതിലെ വന്നു. അവിടെ നിന്നിരുന്ന ക്രിസ്ത്യാനികൾ പലരും പത്രം വാങ്ങിച്ചു. പത്രത്തിന്റെ 75 പ്രതികൾ ഷൊറണ്ണൂരിൽ ചെലവാകുന്നുണ്ടു്. മനോരമയുടെ ഗുണമേന്മയോടുകൂടിയ പ്രവർത്തനരീതികണ്ടു് സഹൃദയന്മാർ സന്തോഷിക്കാതിരിക്കയില്ല. കോഴിക്കോട്ടു സ്റ്റേഷനിൽ വികാരിയും ഭദ്രാസന സെക്രട്ടറിയുമായ അലക്സന്ത്രയോസ് കത്തനാരോടുകൂടി മനോരമ പ്രതിനിധി ശ്രീ നെടുങ്ങാടി കടലാസും പെൻസിലുമായി എന്റെ മുറിയിൽ കയറി എന്റെ പ്രോഗ്രാം കുറിച്ചെടുത്തു് കോട്ടയത്തേക്കു കമ്പിയടിച്ചു. ഷൊർണ്ണൂർ നിന്നു ബാവാതിരുമേനിയുടെ രോഗസ്ഥിതി വെല്ലൂരേക്കു ഫോണിൽ വിളിച്ചു ചോദിച്ചു് അറിഞ്ഞശേഷമാണു കാനറായിലേക്കു പുറപ്പെടുവാൻ ഞങ്ങൾ ധൈര്യപ്പെട്ടതു്. ഇരുനൂറു നാഴിക സഞ്ചരിച്ചു് തലശ്ശേരിയും കണ്ണൂരും ചന്ദ്രഗിരിനദിയും നേത്രാവതിനദിയും കടന്നു് മംഗലാപുരത്തു് എത്തി. ചന്ദ്രഗിരിനദി കടന്നാൽ മലയാളം വിട്ടു കർണ്ണാടകമായി. മനോഹരമായ തുറമുഖത്തടുത്തു് പ്രസിദ്ധമായ മംഗലാപുരം ജർമ്മൻ മിഷ്യൻ ഓട്ടുകമ്പനിയുടെ കുഴലുകൾ ആകാശം മുട്ടിനിൽക്കുന്നു. സ്റ്റേഷനിൽ പള്ളിച്ചിറ കത്തനാർ, ഒളശ, കെ. എ. ജോസഫ്, കല്ലൂപ്പാറ കെ. വി കുര്യൻ, പ്രൊഫസർ തെന്നിറാമ്പടി അന്നമ്മാ, മസ്പലാമ്പടംമുതൽ പേർവന്നിട്ടുണ്ടായിരുന്നു. പട്ടണത്തിനു് ഒരു നാഴിക പടിഞ്ഞാറാണു അറബിക്കട[ൽ]. കാനറായിലെ ബെലിയ, കുട്ടർ[പ]ാടി എന്നീ ഇടവകകളുടെ വികാരി ...പ്പള്ളി വടക്കേടത്തു തോമസ് ക[ത്ത]നാർ ഇന്നു അതിരാവിലെ കിഴ... പുത്തൂർകൂടി നാല്പതു നാഴിക ...ന്നൂരേക്കു ഞങ്ങളെ കൊണ്ടുപോ... ന്നൂരു പുതിയതായി ഒരു പ... സ്ഥാപിച്ചു് നാളെ കു... ല്പം. എന്റെ ഭദ്രാസനം സന്ദർശിച്ചുകൊണ്ടുള്ള ഈ യാത്രയിൽ ഇതു നാലാമത്തെ പള്ളി സ്ഥാപനമാണു്. അവിടെനിന്നു ആറു നാഴിക ദൂരെ ബെലിയാപള്ളിയിലാണു ഞായറാഴ്ചത്തെ കുർബാന. കൈക്കാരൻ പുളിക്കിഴകാരൻ ഐസക്കാണു്. ഉന്നൂരു 15 വീട്ടുകാരും ബെലിയായിൽ 40 വീട്ടുകാരും കുട്ടർപാടിയിൽ വേറെ 40 വീട്ടുകാരുമുണ്ടു് തിങ്കളാഴ്ച ബെലിയായിൽനിന്നു മൂന്നു നാഴിക ദൂരമുള്ള കുട്ടർപാടി സന്ദർശിച്ചു് ഒരു പ്രസംഗം ചെയ്തു് മടങ്ങും. അവിടത്തെ പ്രതിനിധി തോട്ടക്കാട്ടുകാരൻ തോമസാണു്. അവിടെ നിന്നു മംഗലാപുരത്തിനുതിരിയെവന്നു് നേരെ വടക്കോട്ടു 45 നാഴിക ദൂരെയുള്ള കുര്യാക്കോസ് കത്തനാർ വികാരിയായ ബ്രഹ്മവാറിനു പുറപ്പെടുകയും അവിടത്തെ പെരുനാളിൽ സംബന്ധിക്കയും ചെയ്യുന്നു. പരേതനായ ജനറൽ വികാരി ത്യാഗശീലൻ തുമ്പമൺ കോശിക്കത്തനാർക്കു ശേഷം കുര്യാക്കോസ് കത്തനാരാണു് ഇപ്പോൾ ജനറൽ വികാരി. പരേതനായ അൽവാറീസ് മെത്രാപ്പോലീത്താ റോമയിൽനിന്നു നമ്മുടെ സഭയിലേക്കു ഒരു വലിയ സംഘം ജനത്തോടുകൂടി എഴുപതു കൊല്ലം മുമ്പു ചേർന്നതാണല്ലോ. ആ മെത്രാപ്പോലീത്തായും മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും കൂടിയായിരുന്നു അബ്ദല്ലാ പാത്രിയർക്കീസ് മല്ലപ്പള്ളി മെത്രാനെമുടക്കിയതു മെത്രാപ്പോലീത്തന്മാരായ തങ്ങളെ അറിയിക്കാതെ ആകയാൽ അസാധുവാണെന്നു ധൈര്യസമേതം കല്പന പുറപ്പെടുവിച്ചതു്. ഉഡുപ്പി മണിപ്പാൽ പുതിയ മെഡിക്കൽ കോളജു് ജനുവരി 29 വെള്ളിയാഴ്ച മൂന്നു മണിക്കു ഞാൻ സന്ദർശിച്ചു് വിദ്യാർത്ഥികളോടു സ്വല്പനേരം സംസാരിക്കും. നമ്മുടെ പല സിറിയൻ വിദ്യാർത്ഥികളും അവിടെയുണ്ടു്.

കാനറാ സന്ദർശനം

ബെലിയാ, തെക്കെ കിനറാ, 25-1-1954—മംഗലാപുരത്തു നിന്നു കിഴക്കോട്ടു ഉണ്ടൂരേക്കു പോകുന്നവഴിക്കു് ഉപ്പിനങ്ങാടി അത്തൂർ ഗവർമ്മെണ്ടുവക ഡയറിഫാറം കാണേണ്ടതാണു്. അവിടത്തെ സൂപ്രണ്ടു തലവടി കരയിൽ ബഞ്ചമിനാണു്. അയാളുടെ അപ്പൻ തൊമ്മിമാസ്റ്റർ ഞാൻ എറണാകുളം കോളജിൽ പഠിക്കുന്ന കാലത്തു അവിടെ അദ്ധ്യാപകനായിരുന്നു. ഫാറമിൽ വിത്തുകാളകൾ, അനേകം നല്ല പശുക്കൾ, എരുമകൾ, നല്ലതരം കോഴികൾ മുതലായവ ഞങ്ങൾ കണ്ടു. മുട്ടകൾ യന്ത്രപ്പെട്ടിയിൽ അടവച്ചിരിക്കുന്നു. പുല്ലു അടുക്കി ചില മരുന്നു ത

(ശേഷം 11-ാം പേജിൽ)

വാരപഞ്ചാംഗം

ഫെബ്രുവരി മകരം

ഞായർ	31	18
തിങ്കൾ	1	19
ചൊവ്വാ	2	20
ബുധൻ	3	21
വ്യാഴം	4	22
വെള്ളി	5	23
ശനി	6	24

Thought for the Week

The greatest thing that can happen to any humon soul is to become utterly filled with love; and self sacrifice is love's natural expression. Archbishop Temple.

THE CHURCH WEEKLY

നിര്യാതയായ ഡോക്ടർ സാറാചാക്കോ

അഖിലലോക സഭാകൗൺസിലിലെ ഏകവനിതാ അദ്ധ്യക്ഷ എന്ന നിലയിൽ ലോകൈകവിശ്രുതയായിരുന്ന ഡോക്ടർ സാറാചാക്കോ പെട്ടെന്ന് ലക്നൗയിൽ വച്ചു കഴിഞ്ഞ തിങ്കളാഴ്ച (ജനുവരി25) ഹൃദയസ്തംഭനം മൂലം നാല്പത്തിയെട്ടാമത്തെ വയസ്സിൽ നിര്യാതയായ വിവരം ഇതിന്നകം ദിനപത്രങ്ങളിൽനിന്ന് മാന്യവായനക്കാർ അറിഞ്ഞിരിക്കണം. ഏതാനും മാസങ്ങൾക്കു മുൻപ് ഒരു അമേരിക്കൻ പത്രത്തിൽ മിസ്സ് ചാക്കോയെപ്പറ്റി മി. ഹാരോൾഡ് പേർജ്ജർ എന്ന ഒരമേരിക്കൻ എഴുതിയിരുന്ന ഒരു ഇംഗ്ലീഷ് ലേഖനത്തിന്റെ തർജ്ജമ രണ്ടുലക്കങ്ങളായി ഈ പംക്തികളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. കേവലം 48 വയസ്സു പ്രായമുണ്ടായിരുന്ന ഒരു ഓർത്തഡോക്സ് സുറിയാനി സഭാംഗമായ വനിത അതിപ്രധാനമായ ഒരു സർവലോകസംഘടനയിലെ അദ്ധ്യക്ഷയെന്ന ഉന്നതപദവി സർവജനസംപൂജ്യമായ കഴിവുകളോടും സ്വഭാവവിശേഷത്തോടും കൂടി വഹിച്ചിരുന്നതിനെപ്പറ്റിയുള്ള അഭിമാനബോധമാണ് ആ ലേഖനം പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. സുറിയാനി ക്രിസ്ത്യാനികൾ അഭിമാനാദരവുകളോടുകൂടി സ്മരിച്ചുവരുന്ന ഒരു പ്രശസ്തനേതാവായിരുന്ന മിസ്സ് ചാക്കോയുടെ പിതാവ് പരേതനായ ശ്രീ. എം. ഏ. ചാക്കോ. സുപ്രസിദ്ധനായിരുന്ന തന്റെ പിതാവ് മിസ്സ് ചാക്കോയുടെ ജീവിതത്തെ അത്യഗാധമായി സ്പർശിച്ച ഏകമാനുഷിക പ്രേരണാശക്തിയായിരുന്നുവെന്ന് അവർതന്നെ പലപ്പോഴും പറയാറുണ്ടായിരുന്നു. മിസ്റ്റർ ചാക്കോയിക്ക് ഓർത്തഡോക്സ് സുറിയാനിസഭയോടുണ്ടായിരുന്ന അഗാധമായ ഭക്തിയും സമുദായാഭിമാനവും മിസ്സ് ചാക്കോയിൽസ്വഭാഭക്തി ഉളവാക്കുവാൻ പ്രേരകമായി ഭവിച്ചു. അതിനൊരു ഉദാഹരണം പറയാം. മിസ്സ് ചാക്കോയുടെ അന്യാദൃശമായ കഴിവുകളെപ്പറ്റി മനസ്സിലാക്കിയ ബിഷപ്പ്. ജി. ബ്രോംലി എന്നമെത്തഡിസ്റ്റ് സഭാബിഷപ്പ് ആംസ്റ്റർഡാമിൽ വച്ചുകൂടിയ അഖിലലോക സഭാസമ്മേളനത്തിൽ സംബന്ധിക്കുവാൻ മിസ്സ് ചാക്കോയെ ക്ഷണിച്ചു. താൻ ഒരു മെതഡിസ്റ്റ് സഭാംഗമല്ലാത്തതുകൊണ്ട് ബിഷപ്പിന്റെ ക്ഷണം സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നായിരുന്നു മിസ്സ് ചാക്കോയുടെ മറുപടി. Younger Churches അതായത് അടുത്തകാലത്തുണ്ടായ ക്രിസ്തീയസഭകളെ പ്രതിനിധാനംചെയ്യു സമ്മേളനത്തിൽ സംബന്ധിക്കണമെന്നുദ്ദേശിച്ചാണ് താൻ എഴുതിയതെന്നു ബിഷപ്പ് അടുത്ത മെയിലിൽ ഒരു വിശദീകരണം നൽകി. ഒരു പുരാതന സഭാംഗമായ താൻ ഏതുവിധമാണ് പുതിയ സഭകളുടെ പ്രാതിനിധ്യം വഹിക്കുന്നതെന്ന് മിസ്സ് ചാക്കോ ബിഷപ്പിനോടു എഴുതിചോദിച്ചു. ഏതുവിധത്തിലെങ്കിലും മിസ്സ് ചാക്കോ സമ്മേളനത്തിൽസംബന്ധിക്കണമെന്ന് നിർബന്ധമുണ്ടായിരുന്ന ബിഷപ്പ് വീണ്ടും എഴുതിയതനുസരിച്ചു സ്വപിതാവിനോടും, സഭാമേലദ്ധ്യക്ഷനോടും അനുവാദം വാങ്ങിയ ശേഷമാണ് ആംസ്റ്റർഡാമിലേക്കു പോയത്. യാതൊരു സഭയുടെയും ഔദ്യോഗികപ്രാതിനിധ്യം വഹിച്ചുകൊണ്ടല്ല മിസ്സ് ചാക്കോ ക്രൈസ്തവസഭയുടെ പ്രതിനിധികൾമാത്രം സംബന്ധിച്ച ഒരു സമ്മേളനത്തിൽ സന്നിഹിതയായിരുന്നതെങ്കിലും, അവിടെ അവർ പ്രദർശിപ്പിച്ച ധീഷണാവൈഭവവും, കാര്യശേഷിയും ആകർഷണീയമായ വാചാലതയും നിമിത്തം ആ സംഘടനയുടെ അദ്ധ്യക്ഷസ്ഥാനത്തേക്ക് അവരോധിക്കപ്പെടുവാനിടയാക്കിയെന്നുള്ളത് സുറിയാനി ക്രിസ്ത്യാനികൾക്കു അഭിമാനജനകമായ ഒരുവസ്തുതയാണ്. മിസ്സ് ചാക്കോയുടെ ജീവിതത്തെ ഭരിച്ചിരുന്ന ഒരു പരമലക്ഷ്യത്തെപ്പറ്റി ഇസബെല്ലാതോബേൺ കോളജിന്റെ പ്രിൻസിപ്പൽസ്ഥാനം ഏറ്റെടുത്തപ്പോൾ ഒരു പ്രസംഗത്തിൽ അവർ പ്രസ്താവിക്കയുണ്ടായി "ഈ കോളജിന്റെ ലക്ഷ്യം നമ്മുടെ കർത്താവിന്റെ ഒരുവാചകത്തിൽ സംഗ്രഹിക്കാം. "ഞാൻ വന്നതു് അവർക്കു ജീവൻ ഉണ്ടാകുവാനും അതു് സമൃദ്ധിമായി ഉണ്ടാകുവാനും ആണ്" ഇവിടെവരുന്ന ഓരോ വിദ്യാർത്ഥിനിയും സമൃദ്ധിയായ ജീവൻ ഇവിടെ കണ്ടെത്തുമ്പോൾ കോളജ് അതിന്റെ ഉത്തരവാദിത്വംനിറവേററിയതായിപരിഗണിക്കപ്പെടും' ആലക്ഷ്യംആമഹാവിദ്യാലയത്തിന്റെ അധിപ എന്നനിലയിൽ എത്രമാത്രംവിശ്വസ്തതയോടുകൂടി പരിക്ഷിച്ചുവെന്നുള്ളതു് ആ സ്ഥാപനം സന്ദർശിക്കുവാൻ ഇടയായിട്ടുള്ളവർക്കെല്ലാം ബോദ്ധ്യമുള്ള ഒരു സംഗതിയാണ്. മിസ്സ് ചാക്കോയുടെ നയചാതുര്യവും വിപദി ധൈര്യവും പ്രത്യക്ഷപ്പെടുത്തുന്ന പല സംഭവങ്ങൾ അവരുടെ പ്രസംഗ വൈഭവത്തേക്കാൾ പ്രസിദ്ധങ്ങളാണ്. മുൻ പ്രസ്താവിച്ച അമ്മേരിക്കൻ ലേഖനത്തിൽ വിവരിച്ചിരുന്ന ഒരു സംഭവം ഇവിടെ വീണ്ടും ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കും. ലക്നോയിൽ ആചരിച്ചുവരുന്ന ഒരു ത്സവദിവസത്തിൽ ആർക്കും ആരെയും ചായം കലക്കിയ വെള്ളം തളിച്ചു ശല്യപ്പെടുത്തുവാൻ ഒരു അലിഖിത നിയമസ്വാതന്ത്ര്യമുണ്ടെന്ന് ഒരു സാധാരണ ധാരണയുണ്ട്. യുവവിദ്യാർത്ഥികൾ ഈ സ്വാതന്ത്ര്യം വിനിയോഗിക്കുന്നതു് വിദ്യാർത്ഥിനികളുടെ സാരിയും മററും ചായം കലക്കിയ വെള്ളം തളിച്ച് ഉപദ്രവിക്കുന്നതിലാണ്. അതുകൊണ്ട് ആ ഉത്സവദിവസത്തിൽ ഈ ശല്യം ഭയന്ന് വിദ്യാർത്ഥിനികൾ റോഡുകളിൽ സഞ്ചരിക്കാറില്ല. കോളജ് വളപ്പിനകത്തു് പ്രവേശിച്ചും ഈ ആക്രമണം നടത്താൻ യുവകേസരികൾ മടിച്ചിരുന്നില്ല. മിസ്സ് ചാക്കോ പ്രിൻസിപ്പൽ ആയതിന്റെ ശേഷം ഒരു കൊല്ലം ഈ ഉത്സവദിനം വന്നപ്പോൾ യുവവിദ്യാർത്ഥികൾ കോളജ് വളപ്പിനകത്തു് പ്രവേശിക്കാതിരിക്കാൻ ഗേററ് ശരിയായി ബന്ധിച്ചിരുന്നു. മിസ്സ് ചാക്കോ മററദ്ധ്യാപികമാരുമായി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ ഒരു ബഹളം കേട്ട് മിസ്സ് ചാക്കോ എഴുന്നേററു. കോളജ് അ[illegible] കൃതരെയും വിദ്യാർത്ഥിനികളെയും [illegible]രിഭ്രമിപ്പിക്കുന്ന ഒരു സംഘം യു[illegible] ദ്യാർത്ഥികൾ ചായം കലക്കിയ വെ[illegible]മായി ഗേററു് ഭേദിച്ചു വളപ്പി[illegible]ൽ പ്രവേശിച്ച കാഴ്ചയാ[illegible] ചാക്കോ കണ്ടതു്. പൂർ[illegible]

ൽ ഈ ഉത്സവദിവസം ഉണ്ടാക്കിയിട്ടുള്ള അനിഷ്ടസംഭവങ്ങളെപ്പററി മിസ്സ് ചാക്കോ ഓർത്തു. എങ്കിലും അ. ർ ശ്രീ. എം. എം. ചാക്കോയുടെ മകളല്ലേ. ശാന്തമായി മിസ്സ് ചാക്കോ യുവസംഘത്തെ സമീപിച്ചു. "വന്നാലും സുഹൃത്തുക്കളെ" എന്നഭിവാദ്യം ചെയ്തുകൊണ്ടു അവരെ സ്വാഗതം ചെയ്യുകയാണ് പ്രിൻസിപ്പാൾ ചെയ്തതു്. ഒരു നിശ്ശബ്ദത അവിടെ വ്യാപിച്ചു. അവരിൽ ഒരുത്തൻ ആ നിശ്ശബ്ദതയെ ഭഞ്ജിച്ചുകൊണ്ടു പറഞ്ഞു. "നിങ്ങൾ എല്ലാവരെയും ഉത്സവദിവസം അനുമോദിക്കുവനാണ് ഞങ്ങൾ വന്നതു്." "നിങ്ങൾക്കെല്ലാവർക്കും തരുവാനുള്ള മധുരപദാർത്ഥങ്ങൾ എന്റെ പക്കലില്ലല്ലോ. ഇത്ര വലിയ സംഘത്തെ ഞാൻ പ്രതീക്ഷിച്ചില്ല. റൊട്ടി മാത്രമേ ഇവിടെയുള്ളു" മിസ്സ്, ചാക്കോ മറുപടി പറഞ്ഞു. 'സൗഹാർദ്ദത്തിന്റെ ലക്ഷണമായി ആ റൊട്ടി ഞങ്ങൾ സ്വീകരിച്ചു കൊള്ളാം" എന്നു യുവാവു് വീണ്ടും പറഞ്ഞു. ശാന്തമായി അവർ റൊട്ടി വാങ്ങി തിന്നു. ഉത്സവസൂചനയായി മിസ്സ് ചാക്കോയുടെ നെററിയിൽ പൊട്ടുചാർത്തുന്നതിനു് അനുവാദം നൽകണമെന്നു് അയാൾ അഭ്യർത്ഥിച്ചു. അതിനു് മിസ്സ് ചാക്കോ അനുവദിച്ചു. "ചായം കലക്കിയ വെള്ളം വിദ്യാർത്ഥിനികളുടെ മേൽ തളിക്കുവാനുള്ള അനുവാദമാണു് അയാൾ പിന്നീടഭ്യർത്ഥിച്ചതു് "പരപുരുഷർ നിങ്ങളുടെ സഹോദരികളെ ഈവിധം സ്വാഗതം ചെയ്യുന്നതിനു് നിങ്ങൾ അനുവദിക്കുകയില്ലല്ലോ. ആനിലയ്ക്കു് അന്യരുടെ സഹോദരികളെ നിങ്ങളും കേളുശിപ്പിക്കരുതു്." മിസ്സ് ചാക്കോ ശാന്തമായി പറഞ്ഞു. ഉടൻ ഒരു വിദ്യാർത്ഥി ചോദിക്കയാണു്. "നിങ്ങൾ ഈ കോളജ് ഗേററു് എന്തിനാണു് പൂട്ടിയതു്"? ',ഓ! അതു് അക്രമികളെ ഉദ്ദേശിച്ചാണു്. സുഹൃത്തുക്കളും മാന്യന്മാരുമായ നിങ്ങളെ ഉദ്ദേശിച്ചല്ല." എല്ലാവരും ചിരിച്ചു. വിദ്യാർത്ഥികൾ ശാന്തമായി തിരിച്ചു പോകുകയാണുണ്ടായതു്. മി. വിസ്സർട്ട് ഹൂഫ്റ്റ് ആദിയായ അഖിലലോക ക്രൈസ്തവസഭാ നേതാക്കന്മാർ മി. ചാക്കോയെപ്പററി മുക്തകണ്ഠമായ പ്രശംസകൾ ഉൾക്കൊള്ളുന്ന ലേഖനങ്ങൾ എഴുതിയിട്ടുള്ളതു് പലരുടെയും ശ്രദ്ധയിൽപെട്ടു കാണും. ഇങ്ങനെ സമാദരണീയായ ഒരു മഹതി ഇത്ര ചെറുപ്പത്തിൽ തന്നെ രാജ്യാന്തരസേവന രംഗത്തു് [illegible] മറയുവാൻ ഇടയാക്കിയ ഈ [illegible] അവരുടെ അനേകം സു[illegible], പ്രത്യേകിച്ചു ഭാരതീയ ക്രൈസ്തവസമുദായത്തിനും അപരിഹാര്യമായ ഒരു നഷ്ടമാണു്. മിസ്സ് ചാക്കോയുടെ വൃദ്ധയായ മാതാവു ജീവിച്ചിരിപ്പുണ്ടു്. തീരാവ്യഥയിൽ മുഴുകിയിരിക്കുന്ന ആ മാതാവിനോടും കുടുംബാംഗങ്ങളോടും സഹതപിക്കുകയും മിസ്സ് ചാക്കോയുടെ ആത്മാവിനു് നിത്യശാന്തിയെ പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പ്രതിവാരപ്രഭാഷണം (The Sermon for the Week)

വ്യക്തികളെയും സമൂഹങ്ങളെയും നശിപ്പിക്കുന്ന പ്രതികാരബുദ്ധി

(എം. ററി.)

"പ്രിയമുള്ളവരേ, നിങ്ങൾ തന്നെ പ്രതികാരം ചെയ്യാതെ ദൈവകോപത്തിനു ഇടം കൊടുപ്പിൻ; പ്രതികാരം എനിക്കുള്ളതു്.; ഞാൻ പകരം ചെയ്യും എന്നു കർത്താവു അരുളിച്ചെയ്യുന്നു." (റോമർ. 12: 19.)

ഈ വാക്യത്തിനു അധാരമായ പഴയനിയമ ഭാഗങ്ങളിലേക്കു നമുക്കൊന്നു തിരിഞ്ഞു നോക്കാം. ലേവ്യപുസ്തകം 19. 18—'പ്രതികാരം ചെയ്യരുതു്; നിന്റെ ജനത്തിന്റെ മക്കളോടു പകവെക്കരുതു്. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം: ഞാൻ യഹോവ ആകുന്നു." ആവർത്തനപുസ്തകം 32. 35 "അവരുടെ കാൽ വഴുതുംകാലത്തേക്കു പ്രതികാരവും പ്രതിഫലവും എന്റെ പക്കൽ ഉണ്ടു്. എബ്രായ ലേഖന കർത്താവു (എബ്രായർ 10. 30—ൽ) ഈ ഭാഗങ്ങളെ ഇപ്രകാരം ഉദ്ധരിക്കുന്നു. "പ്രതികാരം എനിക്കുള്ളതു്: ഞാൻ പകരം വീട്ടും" എന്നും; കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ.

"കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും" എന്ന പ്രമാണം പ്രാബല്യത്തിലിരുന്ന പഴയ നിയമ കാലത്തു് മേൽ ഉദ്ധരിച്ചതു പോലുള്ള ദിവ്യശാസനങ്ങളും ദൈവത്തിന്റെ ജനമായ യിസ്രായേലിനു ലഭിച്ചിരുന്നു എന്നു നാം അറിഞ്ഞിരിക്കേണ്ടതാണു് പുതിയനിയമത്തിൽ പൂർണ്ണ പ്രഭയോടുകൂടി ഉദിച്ചുയർന്ന ആ "നീതിസൂര്യന്റെ" കിരണ പാതങ്ങൾ പഴയനിയമത്തിൽ അവിടവിടെയായി നമുക്കു കാണാവുന്നതാണു്. "ഞാൻ ദോഷത്തിനു പ്രതികാരം ചെയ്യും എന്നു നീ പറയരുതു് യഹോവയെ കാത്തിരിക്ക: അവൻ നിന്നെ രക്ഷിക്കും" (സദൃശവാക്യങ്ങൾ 20. 22) "പ്രതികാരം ചെയ്യരുതു് കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" എന്നുള്ള അനുശാസനത്തിന്റെ പൂർത്തീകരണം "ശത്രുക്കളെ സ്നേഹിക്കുക" എന്നുള്ള കർത്തൃകല്പനയിലാണു് നാം കാണുന്നതു്. പ്രതികാരബുദ്ധി മനുഷ്യ സഹജമാണു്. അനിയന്ത്രിതമായി വ്യാപരിക്കുവാൻ അനുവദിച്ചാൽ അന്തമില്ലാത്ത അനർത്ഥങ്ങൾക്കു വഴിതെളിക്കുന്ന ഒന്നാണു് അതു് പ്രാകൃത മനുഷ്യന്റെ പ്രതികാരബുദ്ധിയെ കടിഞ്ഞാണിട്ടു അല്പമൊന്നു നിയന്ത്രിക്കുവാൻ പുരാതന സമുദായം ചെയ്ത ശ്രമമാണു് "കണ്ണിനു പകരം കണ്ണും പല്ലിനു പകരം പല്ലും" എന്ന നിയമത്തിൽ നാം കാണുന്നതു്. വ്യക്തിവിദ്വേഷത്തിന്റെ പ്രകടനങ്ങളെ തടയുവാൻ നിയമാനുസരമായ ചില അതിരുകൾ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതു നല്ലതു തന്നെ. അവയില്ലായിരുന്നെങ്കിൽ സാമുദായിക ജീവിതം അസാദ്ധ്യമായിതീരുമായിരുന്നു. എന്നാൽ നീതിയുടേയും നിയമത്തിന്റേയും പരിധികൾക്കുള്ളിൽ നിന്നുകൊണ്ടു് അല്ലെങ്കിൽ അവയുടെ തണലും താങ്ങലും വിനിയോഗിച്ചു തന്നെയും, വിനാശകരമായ തോതിലുള്ള വിദ്വേഷ പ്രകടനം സാദ്ധ്യമാണു്. പൈശാചികമായ പ്രതികാരബുദ്ധിക്കു വിധേയരായി, അടങ്ങാത്ത വാശിക്കു വശംവദരായി എത്ര എത്ര വ്യക്തികളും കുടുംബങ്ങളും സമുദായങ്ങളുമാണു് നശിച്ചു നാമാവശേഷമായിത്തീർന്നിട്ടുള്ളതു്. നമ്മുടെ കൺമുമ്പിൽ തന്നെ ദിവസേനയെന്നവണ്ണം ഇപ്രകാരമുള്ള എത്ര ദുരന്ത ജീവിതനാടകങ്ങളാണു് അഭിനയിക്കപ്പെടുന്നതു്. പ്രതികാരബുദ്ധി ഒരാളെ ഗ്രസിച്ചുകഴിഞ്ഞാൽ വിഷംപോലെ അതു് അയാളുടെ സിരകളിലെല്ലാം വ്യാപിക്കുന്നു. അതു മററുള്ളവരിലേക്കും സംക്രമിപ്പിക്കുവാൻ അയാൾ ബദ്ധപ്പെടുന്നു. യുക്തിയും നീതിബോധവും അയാളെ വിട്ടുമാറുന്നു. ഒരേ ഒരു ചിന്തമാത്രം അയാളിൽ ശേഷിക്കുന്നു. തന്റെ എതിരാളിക്കു ഉന്മൂലനാശം വരുത്തണമെന്നു്; താൻ

വിശ്വദീപം

കർമ്മകാണ്ഡം

(പുത്തൻകാവു മാത്തൻ തരകൻ)

കുബ്ജയുടെ സുഖപ്രാപ്തി.

കാകളി.

യാത്രതുടർന്നാനഖിലാണ്ഡനായക-
പുത്രനന്നാട്ടിലൂടത്ഭുതകൃത്യനായ്.
മാർഗ്ഗമദ്ധ്യത്തിൽ കയറിനാൻ പ്രാർത്ഥന
മന്ദിരമൊന്നിലത്തൻ താതയെ വന്ദിപ്പാൻ.
തത്ര ദൈവത്തെ സ്തുതിച്ചു മരുവിയ
മർത്ത്യർ തൻ കൂട്ടത്തിൽ വാണാളൊരു കുബ്ജ.
പത്തുമൊരെട്ടുസമകളായന്നാരി
ചിത്തവിഷാദം സഹിച്ചു കഴിയുന്നു.
ചേതസ്സലിഞ്ഞു കൃപാമൂർത്തി, തന്നുടെ
ചാരത്തവളെ വിളിച്ചുവരുത്തിനാൻ.
കുനിന്നപുറത്തു തൻ പാണിതലംതൊട്ടു
കർത്താവുരച്ചാനാ നാരിയോടിങ്ങനെ.
"നാരീ, നിൻ ക്ലേശം നിവൃത്തിയായ്, നീയിനി
നേരെ നടന്നു നിൻ നാളുകൾ പോക്കുക."
പെട്ടെന്നവൾക്കു സുഖംകിട്ടി നന്ദിവാ-
ക്കൊട്ടും മടിക്കാതെ ചൊന്നാളത്യുച്ചത്തിൽ.
നാരിയാൾ ചൊന്ന കൃതജ്ഞതാവാക്കുകൾ
നാരായമെന്നപോലുള്ളിൽ തറക്കയാൽ.
പ്രാർത്ഥനാമന്ദിരാധീശൻ കുപിതനായ്
നേത്രവുമാസ്യവും ചെങ്കനലായ് മാറി.

തന്നുടെ കൺമുമ്പിൽ തന്റെയിടവക
തന്നിലുൾപ്പെട്ടൊരു നാരിക്കു ശാബതിൽ.
സൗഖ്യമുണ്ടായതുതെല്ലും സഹിക്കാതെ
ന്യായപ്രമാണമാമായുധം കൈക്കൊണ്ടു.
ഉദ്യോഗഗൗരവം കാണിച്ചവൻ സഭാ-
മദ്ധ്യത്തിൽ വേഗമെഴുന്നേറ്റുനിന്നേവം
ചൊൽകയായ് "ദുഷ്കർമ്മമെന്തുണ്ടിതേക്കാളും
ശാബത്തിൽ രോഗചികിത്സ നടത്താമൊ.
രോഗംപിടിച്ച ജനങ്ങളേ, നിങ്ങൾക്കു
രോഗമുണ്ടെന്നാകിലിങ്ങണഞ്ഞീടാമോ.
ശാബതിൽ നിങ്ങളിങ്ങെത്തിയാൽ, ശബതാ-
ലംഘനക്കാരായിത്തീർന്നിടും നിർണ്ണയം."
കേൾവിക്കാരൊക്കെയുമെന്തെന്നറിയാതെ
കൈയ്കൊണ്ടു വായ് പൊത്തി വാണാർ സസംഭ്രമം.
പ്രാർത്ഥനാമന്ദിരംതന്നിൽ മരുവിയ
മർത്ത്യർ തൻ ഭാവമറിഞ്ഞു മഹേശ്വരൻ
ചോദിച്ചാൻ "ശാബതിൽ രോഗി തൻ രോഗത്തെ
ശാന്തമാക്കുന്നതു നീതിവിരുദ്ധമൊ?
കാളയൊ നിങ്ങൾ തൻ പുത്രനോ ശാബതിൽ
കൂപത്തിൽ വീണാലെടുത്തിടുമോ നിങ്ങൾ.
എത്രയോ ശ്രേഷ്ഠൻ മനുഷ്യൻ, മൃഗത്തേക്കാൾ"
മർത്ത്യനേ സൗഖ്യപ്പെടുത്തുന്നതും ശ്രേഷ്ഠം.
വേദാന്തരൂപനിമ്മട്ടു കഥിച്ചഥ
വേഗംതുടങ്ങീ കഥാകഥനത്തിനായ്.

നശിപ്പിച്ചാലും വേണ്ടില്ല. തന്റെശത്രു
വിനെ അടിയറ വെപ്പിക്കണമെന്നു. ത
ന്റെ പ്രതികാരേച്ഛയൊന്നിനെയും മററുള്ള
വംശത്തെയും നാശത്തിലേക്കു ആട്ടിപ്പായി
ക്കുകയാണെന്നുള്ള ബോധം അയാൾക്കു
ണ്ടായാൽ പോലുംമുന്നാട്ടുവെച്ചകാൽപുറ
കോട്ടു വലിക്കുവാൻഅയാൾ തയാറില്ലാ
യിരിക്കും. സുബോധമില്ലാത്ത ഒരു മനു
ഷ്യനെപ്പോലെയായിരിക്കും അയാളുടെ
പെരുമാററം. അഭ്യുദയകാംക്ഷികളുടെ
സദുപദേശങ്ങൾ അയാൾ ശ്രവിക്കയി
ല്ല. അകപ്പാടെ ഒരന്ധതയും ബധിരത
യും അയാളെ ബാധിച്ചതുപോലെ തോ
ന്നും.

സാമുദായികജീവിതത്തിൽ സാധാര
ണമായി നാം കാണുന്ന ഈ കാഴ്ച
അഗാധമായ ആലോചനയ്ക്കും ആത്മപ
രിശോധനയ്ക്കും നമ്മെ നിർബന്ധിക്കുന്ന
ഒന്നാണ്. എല്ലാ മനുഷ്യരിലുംപ്രത്യ
ക്ഷപ്പെടുന്ന ഈ പ്രതികാരബുദ്ധി എ
വിടെ നിന്നുത്ഭവിക്കുന്നു? അതിനുള്ള
പ്രതിവിധി എന്താണ്? അതിന്റെ
ഉത്ഭവം അഹംഭാവത്തിൽ നിന്നാണ്
എന്നുള്ളതിനു സംശയമില്ലാ. "ഞാനോ
നീയോ വലുത്?" എന്നുള്ള നിശ്ശബ്ദ

ചോദ്യം നാം ഇടപെടുന്ന ഓരോരുത്ത
രെ സംബന്ധിച്ചും എപ്പോഴും നാം
ചോദിച്ചു കൊണ്ടിരിക്കുന്ന ഒന്നാണ്
എന്റെ പ്രാധാന്യത്തെ വേണ്ടത്ര വി
ലമതിക്കാത്ത ആരെയും ഞാൻ ഇഷ്ടപ്പെ
ടുകയില്ല. നിസ്സാര കാരണത്തിനു അ
വരെ ഞാൻ എതിർക്കുകയും ചെയ്യും. ഇ
ങ്ങനെയുള്ള എതിർപ്പുകളാണ് ക്രമേ
ണ വർദ്ധിച്ചു വലിയ കലാപങ്ങൾക്കി
ടയാകുന്നത്. നമ്മുടെ സ്വയപ്രാധാന്യ
ബോധത്തെനിയന്ത്രിക്കുവാൻ നാം പഠി
ക്കാതെ നിവൃത്തിയില്ല. അഭിമാനവുംഅ
ന്തസ്സും പാലിക്കേണ്ടതാവശ്യമാണ്. എ
ന്നാൽ അഭിമാനത്തിന്റെ പേരിൽ
ദുരഭിമാനം പുലർത്തുവാനാണ് നാംമി
ക്കപ്പോഴും ശ്രമിക്കുന്നത്. അഭിമാനത്തി
നു യോജിക്കാത്ത യാതൊന്നും പറയാ
തെയും പ്രവർത്തിക്കാതെയുമിരിക്കാൻ നാം
സൂക്ഷിക്കണം. എന്നാൽ മററുള്ളവർ ന
മ്മെ ബഹുമാനിച്ചുകൊള്ളണമെന്നു നി
ർബന്ധിക്കുവാൻ നമുക്കവകാശമില്ല.
നാം ബഹുമാനം അർഹിക്കുന്നവരാണെ
ങ്കിൽ മററുള്ളവർ നമ്മെ ബഹുമാനിച്ചു
കൊള്ളും. പോലീസിന്റെയോ നീതി
ന്യായകോടതിയുടെയോ സഹായത്താൽ

നഷ്ടപ്പെട്ട അന്തസ്സു പുനഃസ്ഥാപിക്കു
വാൻ ശ്രമിക്കുന്നതിൽ കവിഞ്ഞ വി
ഡ്ഢിത്തം വേറെയില്ല.

"പ്രതികാരം ദൈവത്തിനുള്ളത്"
എന്നുള്ള വേദപ്രമാണം സ്വീകരിക്കു
വാൻ മനസ്സില്ലാത്തവരാണ് പലരും.
നമുക്കു പണമോ പദവിയോ അധികാ
രമോ ഉണ്ടെങ്കിൽ അവയെ പ്രതികാര
ത്തിനായി വിനിയോഗിക്കുന്നതു അ
ക്രൈസ്തവവും ആത്മഹത്യാപരവുമാ
ണ്. മററുള്ളവരുടെ അന്യായമായ ക
യ്യേററങ്ങളെ തടയേണ്ടതു് ആവശ്യവു
ശരിയുമായിരിക്കാം. എന്നാൽ മററുള്ള
വർ നമ്മെ ഉപദ്രവിച്ചതിനുപകരം
വീട്ടുവാൻ നാം തുനിയരുതു്. അവരു
ടെ പ്രവൃത്തിയുടെ ഫലം അവർ അനു
ഭവിച്ചുകൊള്ളും എന്നു സമാധാനപ്പെ
ടുകയാണ് നാം ചെയ്യേണ്ടതു്.
മാത്രം പോരാ. നാം പ്രതികാരം
യ്യില്ലെങ്കിലും മററുവിധത്തിൽ ന
പ്രതിയോഗിക്കു കഷ്ടനഷ്ടങ്ങ
രുവാൻ ആഗ്രഹിക്കയോ അതി
ന്തോഷിക്കയോ ചെയ്യുന്ന മ
മുക്കുണ്ടാകരുതു്. ആത്മാർത്ഥ
രുടെനന്മയ്ക്കു വേണ്ടി അ

വേദവായനക്കുറിപ്പുകൾ

തിങ്കൾ. ലൂക്കോസ്. 14. 16—24.

അവർ വിരുന്നു വാഴ്വിനുടെ ക്ഷണം നിരസിച്ചു് ഇതരജോലികൾക്കായി പോയവർ എന്തെങ്കിലും തെറ്റു പ്രവർത്തിക്കയായിരുന്നു എന്നു പറവാൻ കഴിയുമോ? നേരെമറിച്ചു് കുടുംബ ബന്ധങ്ങളിലും വ്യാപാരത്തിലും ഇതരതൊഴിലുകളിലുമുണ്ടായിരുന്നതാല്പര്യം പ്രശംസാർഹമായി കരുതപ്പെടണം. എന്നാൽ പരമപ്രധാനമായ കാര്യങ്ങൾക്കു് കാര്യങ്ങൾ ഉപേക്ഷിച്ചിട്ടു അപ്രധാനമായ ജീവിതത്തിൽ പരിഗണന നൽകി എന്നുള്ളതായിരുന്നു അവരുടെ കുറവു്. വേഷഭൂഷണാദികൾ ഭക്ഷണപാനീയങ്ങൾ എന്നിത്യാദി കാര്യങ്ങൾക്കു് പരമ പ്രാധാന്യം നൽകി നശ്വരവും ഹ്രസ്വവുമായ ജീവിതം നയിക്കുന്നവരെ നാം എവിടെയും കാണുന്നില്ലേ?

ഈ ലോകത്തിൽ നമുക്കുള്ള ജീവിതവും കഴിവുകളും പരിമിതമാകയാൽ നിസ്സാര കാര്യങ്ങളുടെ തെരക്കിൽ സർവ്വപ്രധാനമായവ എന്നന്നേക്കുമായി നമുക്കു് നഷ്ടപ്പെട്ടു എന്നു വന്നേക്കാം. നിങ്ങൾ ഈ ഗ്രന്ഥം വായിക്കുന്ന പക്ഷം മറെറാന്നു വായിക്കാൻ സൌകര്യപ്പെടുകയില്ലെന്നു് നിങ്ങൾ അറിയുന്നുണ്ടോ എന്നിപ്രകാരം ഒരു മഹാൻ ചോദിക്കുന്നുണ്ടു്. നിങ്ങളുടെ ജീവിതത്തിൽ സർവ്വപ്രധാനമായ കാര്യങ്ങൾക്കാണോ നിങ്ങൾ സ്ഥാനം നൽകുന്നതു്?

ചൊവ്വാ. മത്തായി. 13. 19—23.

മുള്ളുകൾക്കിടയിൽ വീണ വിത്തുകളെപ്പറ്റി പ്രത്യേകമായി നമുക്കു ചിന്തിക്കാം. അതു് ഇന്നലത്തെ ചിന്തയെ കൂടുതൽ വിശദമാക്കുന്നതാണു്. മുള്ളുകൾകൊണ്ടു നിറഞ്ഞ ഭൂമിയിൽ വീണ വിത്തിനു വളരുവാൻ ഇടം കിട്ടാതെ പോയതു് സ്വാഭാവികമാണല്ലൊ. നമ്മിൽ പലരുടേയും ഭയാനകമായ പരാജയ കാരണം കാര്യാന്തര വ്യാപൃതയാണു് അതു് അധർമ്മ കാര്യങ്ങളിലുള്ള താല്പര്യമായിരിക്കണമെന്നില്ല. എങ്കിലും സുപ്രധാനമല്ലാത്തവയിലുള്ള നമ്മുടെ താല്പര്യവും പ്രാർത്ഥനാ ജീവിതവും, ദൈവത്തിലുള്ള വിശ്വാസവുമെല്ലാം താറുമാറാക്കും. ചിത്രകാരൻ തന്റെ ചിത്രനിർമ്മാണത്തിൽ പ്രത്യേകം കരുതുന്ന ഒരു വസ്തുതയുണ്ടു്. അതു് സർവ്വപ്രധാനവും സർവ്വഥാ ശ്രദ്ധേയവുമായ ചിലയാഥാർത്ഥ്യങ്ങളെ ചിത്രത്തിൽ ഉല്ലേഖനം ചെയ്വാനും ഇതര വസ്തുക്കളെ അവജ്ഞ് വിധേയമാക്കി മാത്രം രേഖപ്പെടുത്തുവാനും ശ്രമിക്കുകയെന്നുള്ളതാണു് ആ വസ്തുത. സർവ്വപ്രധാനമായ കാര്യങ്ങൾക്കു് പ്രാഥമ്യം നൽകുവാൻ നിങ്ങൾ ശ്രമിക്കാറുണ്ടോ? ധനതൃഷ്ണാ സമുദായ പ്രാമാണ്യവാഞ്ഛാ സുഖലോലുപത എന്നിങ്ങനെ പലതും നിങ്ങളുടെ ജീവിതത്തിൽ പ്രഥമസ്ഥാനം കൈവശപ്പെടുത്താനിടയുണ്ടു്.

ബുധൻ. ലൂക്കോസ്. 12. 16.—21

കർത്താവു് എന്തിനാണു് പ്രഥമപരിഗണന നൽകിയതെന്നു് അറിവാൻ നാം ശ്രമിക്കുന്നപക്ഷം പരിശുദ്ധവും പ്രയോജനകരവുമായ വിധം ചെലവഴിക്കുന്ന ജീവിതത്തിനും സ്വഭാവത്തിനുമാണു താൻ വില കല്പിച്ചിരുന്നതെന്നു് ഗ്രഹിക്കുവാൻ കഴിയും. വസ്തുവകകളോ സുഖോല്ലാസങ്ങളോ യാതൊന്നും തന്നെ അതിനോടു താരതമ്യമർഹിക്കുന്നില്ല. ദൈവത്തോടുള്ള സാമീപ്യം കൂടാതെ തന്റെ നിക്ഷേപമായി ധനത്തെ കരുതുന്നവനെ ഇവിടെ ഭോഷനായി വിവരിച്ചിരിക്കുന്നു. ധനം നിങ്ങളുടെ ജീവിതലക്ഷ്യമായി തീരത്തക്ക വിധത്തിൽ നിങ്ങൾക്കു് പരീക്ഷാഹേതുവാകുന്നതെന്തെല്ലാമെന്നു് ചിന്തിച്ചു നോക്കുക, ക്രിസ്തീയ ലക്ഷ്യ നിർവഹണാർത്ഥം നിങ്ങളെ പരിപൂർണ്ണമായി സമർപ്പിക്കുകയും ധനം നിങ്ങളുടെ ആത്മീയമായ നിലപാടിനു് ഒരു ദാസൻ മാത്രം ആയിതീരുകയും അല്ലാതെ ഈ പരീക്ഷ വിജയിക്കുവാൻ മറ്റു മാർഗ്ഗങ്ങൾ വല്ലതുമുണ്ടോ? ധനത്തിനു് ദാസസ്ഥാനം മാത്രം നൽകുക. അതു് വൻ കാര്യങ്ങൾ ചെയ്യും. അതു കിരീടം കൈവശപ്പെടുത്തുന്ന പക്ഷം ആ മനുഷ്യന്റെ ആത്മീയ ജീവിതം നാശവിധേയമാകുവാൻ മുദ്ര അടിക്കപ്പെട്ടു കഴിഞ്ഞു.

വ്യാഴം. യോഹന്നാൻ 10. 10–16.

കർത്തൃദൃഷ്ടിയിൽ ഏതേതു് കാര്യങ്ങൾക്കാണു് മുൻഗണന ലഭിച്ചിരുന്നതെന്നു വ്യക്തമാക്കുന്ന ഒരു വേദഭാഗമാണിതു്. മനുഷ്യജീവൻ കർത്താവിനെ സംബന്ധിച്ചിടത്തോളം അമൂല്യമായ ഒന്നായിരുന്നു. അതിനെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള ഏതു ത്യാഗവും തന്റെ ദൃഷ്ടിയിൽ വലുതായിരുന്നുമില്ല. സർവ്വപ്രധാനമായ കാര്യം ഏതെന്നു് അറിഞ്ഞിരിക്കേണ്ടതാവശ്യമത്രേ. എന്തുകൊണ്ടെന്നാൽ സർവപ്രധാനമായതിനെപ്രതി അപ്രധാനമായവയെ നാം ത്യജിക്കാറുണ്ടല്ലോ. മനുഷ്യരക്ഷയെപ്രതി ഏതു ത്യാഗത്തിനും കർത്താവു സന്നദ്ധനായിരുന്നു. ധനം, സുഖം, ഉല്ലാസം, ലോകജീവിതം ഇവയെല്ലാം അതതു കാര്യസാദ്ധ്യത്തെപ്രതി ഉപേക്ഷിക്കുവാൻ താൻ മടിച്ചില്ല. മനുഷ്യനോടു ചെയ്യുന്ന ഏതനീതിയും വലിയ ലംഘനമായും മനുഷ്യരക്ഷയെപ്രതി നൽകപ്പെടുന്ന ഏതുവിലയും നിസ്സാരമായും താൻ കരുതി. പരമപ്രധാനമായ ഈ കാര്യത്തിൽ കർത്താവിന്റെ അഭിപ്രായത്തോടു നിങ്ങൾക്കു് എന്തെങ്കിലും പ്രകാരം ഐക്യതയുണ്ടെന്നു കാണിക്കത്തക്ക വല്ല ലക്ഷണവും നിങ്ങളുടെ ജീവിതത്തിൽ കാണുവാൻ കഴിയുമോ?

വെള്ളി. ലൂക്കോസ്. 10. 30–37.

കർത്താവിന്റെ വിമർശനത്തിനു് വിധേയമാകത്തക്ക എന്തു് പ്രവർത്തി ആയിരുന്നു പുരോഹിതനും ലേവ്യനും ചെയ്തതു്. അവരൊന്നും ചെയ്തില്ല. അതു് തന്നെയായിരുന്നു അവരുടെ വലിയ തെറ്റും. മനുഷ്യന്റെമേൽ ചെയ്യപ്പെട്ട ഒരു അധർമ്മം ദർശിച്ച അവരിരുവരും നിഷ്പക്ഷത അവലംബിച്ചു് കടന്നുപോകുകയാണു ചെയ്തതു്. നിഷ്പക്ഷതാഭാവം പലപ്പോഴും ഈവിധമല്ലേ അനുഭവപ്പെടാറുള്ളതു്. ആ പുരോഹിതനേയും ലേവ്യനേയും തിന്മയെ അനുകരിച്ചവരെന്നു

ള്ള ക്രിസ്തീയമനോഭാവം നമുക്കുണ്ടാകണം. "പ്രതികാരം ചെയ്യരുതു്" എന്നുള്ള കല്പന നിഷേധാത്മകമാണു്. "ശത്രുക്കളെ സ്നേഹിക്കണം". എന്നുള്ള ക്രിസ്തീയപ്രമാണം പ്രയോഗത്തിലാക്കുവാൻ കഴിഞ്ഞിൽ മാത്രമേ ഒരു ക്രിസ്ത്യാനിക്കു തൃപ്തിയടയുവാൻ നിവൃത്തിയുള്ളു. ഇതു മനുഷ്യനു് അവന്റെ സ്വന്തശക്തിയാൽ സാധിക്കുന്ന ഒരു കാര്യമല്ല. ദൈവത്തിന്റെ ശക്തി മനുഷ്യനിൽ പ്രവർത്തിച്ചാൽ മാത്രമേ ഇതു സാധ്യമാകയുള്ളു. ദൈവം സ്നേഹമാകുന്നു. ശത്രുക്കളെപ്പോലും സ്നേഹിക്കുന്ന സ്നേഹമാണു്. ദിവ്യസ്നേഹം. അതാണു് നമ്മുടെ കർത്താവു തന്റെ ജീവിതംകൊണ്ടും ഉപദേശം കൊണ്ടും നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. യേശുക്രിസ്തുവുമായുള്ള സജീവബന്ധത്തിൽ ഏർപ്പെട്ടു് അനുദിനം, അനുനിമിഷം അവന്റെ ആത്മാവിനെ പ്രാപിച്ചും അവന്റെ ശക്തിയിൽ ആശ്രയിച്ചും ജീവിക്കുന്നവർക്കു് ഇപ്രകാരമുള്ള ദിവ്യസ്നേ[ഹം] ...പ്രായോഗികമാക്കാൻ കഴിയും ന... സാധാരണഇടപാടുകളിൽ ന... അയൽക്കാരും സഹപ്രവർത്തക... ...മായുള്ള ബന്ധത്തിൽ ഈ സ്നേ... ...രിപ്പിക്കുവിൻ ആവശ്യമായ ...യിനമുക്കു പ്രാർത്ഥിക്കാം.

മാർത്തോമ്മായും 50-ം മാല്യങ്കരയും

(റെവ്. കെ. ജോസഫ്,
ബി. എ., എൽ. റ്റി.)

പറവൂർ മിസ്റ്റർ പോൾ ഇട്ടിയുടെ ജനുവരി 24-ലെ മാർത്തോമ്മായും കൊടുങ്ങല്ലൂരും എന്നല്ല, മേൽക്കാണുന്ന ശീർഷകമാണു് ക്രിസ്ത്വബ്ദം 72—73-ലോ മറ്റോ എഴുതിപ്പുത്തി

നാഴയിൽ ആ കൊള്ളക്കാരുടെ കൂടെയാണു് ലോകം എന്നും എണ്ണുന്നതു്. ഒരു മനുഷ്യനും യഥാർത്ഥമായ നിഷ്പക്ഷത സാദ്ധ്യമല്ല. "എനിക്കനുകൂലമല്ലാത്തവൻ എനിക്കു പ്രതികൂലമാകുന്നു; എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു" എന്നു കർത്താവു തന്നെ ഒരു വചനത്തിൽ കല്പിക്കുന്നുണ്ടു്. നന്മയും തിന്മയും തമ്മിൽ, ക്രിസ്തുവും അന്തിക്രിസ്തുവും തമ്മിൽ വലിയ പോരാട്ടം നടന്നുകൊണ്ടേയിരിക്കുന്നു. ആ യുദ്ധക്കളം നിങ്ങളെല്ലാം നിങ്ങളുടെ മനസ്സാക്ഷികളിലുമാകുന്നു. ചിന്തകൊണ്ടും പ്രവൃത്തികൊണ്ടും നിങ്ങളതിൽ കക്ഷിചേരുന്നുണ്ടു്. നിങ്ങളുടെ സർവ്വശക്തിയുമുപയോഗിച്ചു് ഏതു പക്ഷത്തു പ്രവർത്തിക്കുമെന്നു് നിങ്ങൾ എന്നേക്കുമായി തീരുമാനിച്ചുകഴിഞ്ഞിട്ടുണ്ടോ?. ദൈവവും ദൈവത്തിന്റെ തിരുവിഷ്ടവും ആണോ നിങ്ങൾക്കു് സർവ്വപ്രധാനമായതു്.

ശനി. ലൂക്കോസ്. 10 38——

വിനയം ശരിയായ അതിന്റെ രൂപത്തിൽ ആത്മാവിന്റെ ഒരു ഫലമാണു. നമ്മിലുള്ള സർവ്വ നന്മകളും കഴിവുകളും ദൈവദത്തമാണെന്ന ബോധത്തിൽ നിന്നുദിക്കുന്നതിനാൽ, നാം സാധിക്കുന്നതോ പ്രവർത്തിക്കുന്നതോ ആയ യാതൊന്നിനെപ്പററിയും സ്വയം അഭിമാനിക്കുകയോ പ്രശംസിക്കുകയോ ചെയ്യാതിരിക്കുന്നു. അതാണു് വിനയത്തിന്റെ തനിനിറം. അതുനിമിത്തം, ദൈവവുമായി മനുഷ്യനുള്ള ബന്ധത്തെപ്പററിയുള്ള ബോധം വളരുന്നതിനനുസരണമായി കൂടുതൽ കൂടുതൽ വിനയവും താഴ്മയും അനുഭവപ്പെട്ടുകൊണ്ടിരിക്കും. അസാധാരണമായ ഏതെങ്കിലും വിജയം കൈവരിക്കുമ്പോൾ, തന്റെ വിജയത്തിനു കാരണമായ ശക്തി മുഴുവൻ തന്നെ ദൈവദത്തമാണെന്നു വിസ്മരിക്കുവാൻ തക്കവണ്ണം പരീക്ഷിക്കപ്പെടുമ്പോഴാണു് വിനയത്തിന്റെ സ്വഭാവം ഉരച്ചുനോക്കപ്പെടുന്നതു്.

യാക്കിയ നിരണം റമ്പാന്റെ സമകാലീന മാർത്തോമ്മാ "ചരിത"ത്തോടു യോജിക്കുന്നതു്. "ദൃഷ്ടപ്രദർശകവിശ്വാസ്യതയുള്ള"തെന്നു് 1916-ൽ സർട്ടിഫിക്കററു ലഭിച്ച നിരണം തോമ്മാപ്പാട്ടിന്റെ വിശ്വാസനീയ മൂലകൃതിയായ ആ "ചരിത്ര"ത്തിൽ, തോമ്മാശ്ലീഹാ "അറേബിയായിൽ കപ്പൽ കയറി മാല്യാങ്കര വന്നെത്തിയിതു്—അമ്പതു ധനുവംരാശിയതിൽ—അഷ്ടദിനംകൊണ്ടവിടെ മാർഗ്ഗംസ്ഥാപിച്ചു", 72 കർക്കടകത്തിൽ മരിച്ചു എന്നാണു് സ്വന്ത ശിഷ്യൻതന്നേ പറഞ്ഞിരിക്കുന്നതു്. എന്നാൽ മിസ്റ്റർ ഇട്ടി വിശ്വസിക്കുന്നതു് ആ ശ്ലീഹാ 52-ൽ ആദ്യമായി കേരളത്തിലിറങ്ങി, അതു കൊടുങ്ങല്ലൂരിലാണു്, മരിച്ചതു് ധനുവിലാണു് (4-ാംപുറം) എന്നാണല്ലോ.

(1) മി. ഇട്ടി ശ്ലീഹായുടെ ശിഷ്യനെഴുതിയ ചരിത്രം വിശ്വസിക്കാത്തതെന്തുകൊണ്ടു് എന്നു പറയണമെന്നപേക്ഷ.

(2) കൊടുങ്ങല്ലൂർ, മാല്യാങ്കര, 50, 72, 68, 52, ധനു 21, എമ്പ്രാന്റെ ശൂലം, മയിലാപ്പൂർ കടല്പുറത്തു രണ്ടു ഖബറുകൾ. അവയിൽ രണ്ടു മാർത്തോമ്മാസ്ഥികൂടങ്ങൾ; പിന്നെ ഒന്നു് ഉറഹായിൽ, പിന്നെ ഒരസ്ഥികൂടം ഇററലിയിലെ ഒർത്തോനായിൽ, പുരോഹിതന്റെ വാളാൽ മരണം, ഒരു ഖബർ മലയാററൂർ ശിവക്ഷേത്രത്തിനകത്തു്, പറയന്റെ അമ്പേററു യദൃച്ഛയാ മരണം, എമ്പ്രാന്റെ ചാട്ടകമേററു യദൃച്ഛയാ മരണം, എട്ടൊൻപതു ഖബറുകൾ, കലമിനായിലെ മലയിൽ ഖബർ, മസ്ദായി രാജാവിന്റെ ഭടന്മാർ കുത്തുകയാൽ മരണം, രക്തസാക്ഷിയായും അല്ലാതെയും മരണം, അരപ്പള്ളികൾ തന്നേ നാലെണ്ണം, മാർത്തോമ്മാചരിതം, മാർഗ്ഗംകളിപ്പാട്ടു്, ഗുന്ദഫർരാജന്റെ ഇൻഡ്യാപ്രദേശത്തും അതിനു സമീപം മസ്ദായിരാജന്റെ പ്രദേശത്തും പ്രസംഗിച്ച ശേഷം ഈ രണ്ടാം സ്ഥലത്തു കൊല്ലപ്പെട്ടു, കൊടുങ്ങല്ലൂർ ദേവിയെ "ഉളകൊള്ളിച്ചു" എന്നും മററും പല പല വിവരങ്ങൾ ഏകദേശം ക്രിസ്ത്വബ്ദം 210 മുതൽ ഇന്നുവരെയുള്ള രേഖകളിൽ ഞാൻ കണ്ടിട്ടുണ്ടു്.

(3) ഇവയെല്ലാം "ഒന്നാം നൂററാണ്ടു മുതൽ പറഞ്ഞുപോരുന്നതാണെ"ന്നു (3-ാംപുറം) എന്നു മി. ഇട്ടി വിശ്വസിക്കുന്നോ എന്നു പറയണമെന്നപേക്ഷ.

(4) ഇല്ല — 52, കൊടുങ്ങല്ലൂർ, എമ്പ്രാൻ, ശൂലം, ഏഴര പള്ളികൾ, മയിലാപ്പൂർ കടൽക്കരെ ഇതേ ഒരു ഖബർ, അതിൽ 1523-ൽ കണ്ട ഒരസ്ഥികൂടം, ബ്രാഹ്മണകുടുംബപാരമ്പര്യം (3-ാംപുറം)—എന്നിവമാത്രമാണു് ഒന്നാംനൂററാണ്ടു മുതൽ പറഞ്ഞുപോരുന്നതു്" എന്നു മി. ഇട്ടി വിശ്വസിക്കുന്നോ, വാദിക്കുന്നോ? പറഞ്ഞാലും.

(5) ക്രി. 1222 മുതൽ 1517 വരെയെങ്കിലും ഇപ്പറഞ്ഞവയെല്ലാം (രേഖകളിലോ പാരമ്പര്യത്തിലോ) ഉണ്ടായിരുന്നെന്നു മി. ഇട്ടിക്കോ മററു വല്ലവർക്കുമോ തെളിയിക്കാമോ? മി. ഇട്ടി ഉദ്ധരിച്ചിട്ടുള്ള മൂന്നാം ശതകം മുതൽ 19-ാംശതകംവരെയുള്ള ചരിത്രകാരന്മാരാരും അവ തെളിയിച്ചിട്ടില്ല

(6) നമ്മുടെ ബാവാന്മാർക്കും മററും കൈവശമുള്ള സുറിയാനി പ്രക്സീസിൽ മേല്പറഞ്ഞവയിൽ എത്രയെണ്ണമുണ്ടു്? പ്രക്സീസ് വിശ്വാസനീയമല്ലയോ? എന്തുകൊണ്ടു്?

(7) മാർഗ്ഗംകളിപ്പാട്ടു വിശ്വസിക്കുന്നോ? എന്തുകൊണ്ടു്?

(8) 1892-ൽ റേ. സായിപ്പു പ്രസിദ്ധപ്പെടുത്തിയ പുസ്തകം വിശ്വസിക്കുന്നോ? ഏതെല്ലാം കാര്യങ്ങൾ? എന്തുകാരണത്താൽ?

(9) "പുരാതന പഞ്ചാംഗങ്ങളിൽ നിന്നു്—ഇതൊരു വ്യാജകഥയല്ല എന്നു

(5-ാം പേജിൽ നിന്നു തുടർച്ച)

...ളിച്ച് മണ്ണുകൊണ്ടു മൂടിയിരിക്കുന്നതു ...കൊല്ലത്തേക്ക കേടുകൂടാതെനിലനിൽക്കും. ഫാമിനു എണ്ണൂർ ഏക്കർ ഭൂമിയുണ്ടു്. മദ്രാസ് സംസ്ഥാനത്തുള്ള ആറു ഫാമിൽ ഒന്നാണിതു്. പാതിരാ കഴിയുമ്പോൾ ഇവിടെ പാൽകറക്കുക മുതലായ ജോലികൾ ആരംഭിക്കും. നേരം വെളുക്കുമ്പോൾ മോട്ടർവാനിൽ പാൽ നാനാഭാഗങ്ങളിലേക്കും കൊണ്ടുപോകും.

മലബാറിലും കാനറായിലും സ്ഥലമെടുക്കുന്നവർക്ക ചിലപ്പോൾ ഭാഗ്യംപോലെ നല്ല സ്ഥലങ്ങൾ കിട്ടും. ആയിരം രൂപയ്ക്കു നിലംവാങ്ങിച്ച ചിലർക്ക ഒരു കൊല്ലം കൊണ്ടു ആയിരം രൂപായുടെ നെല്ലുകിട്ടീട്ടുണ്ടു്. എന്നാൽ ചിലർ കൊണ്ടുവന്ന രൂപാ മുഴുവനും സ്ഥലം വാങ്ങാൻ ഉപയോഗിച്ചശേഷം കൃഷി ചെയ്യുവാൻ പണമില്ലാതെ വിഷമിക്കുന്നു. വാങ്ങിച്ച ഭൂമികൊണ്ടു ചിലവുകഴിയുവാൻ വിഷമിക്കുന്നവരുമുണ്ടു്. കൊണ്ടുവരുന്ന രൂപയിൽ ഒരുഭാഗം ചിലപ്പോൾ റവന്യൂ കീഴ്ജീവനക്കാരോ സ്ഥലം ഏർപ്പാടു ചെയ്യുന്നവരോ തട്ടിഎടുക്കുന്നു. കുടിയേറിപ്പാർപ്പാൻ പുതുവൽ പുറമ്പോക്കസ്ഥലങ്ങൾ ഇനിയും അനേകം മൈൽ നീണ്ടുകിടക്കുന്നു. റവന്യൂ കീഴ്ജീവനക്കാർ കുടിയേററക്കാരോടു അനുഭാവം പ്രദർശിപ്പിക്കാത്തതിനെപ്പററി അന്വേഷണം നടത്തണമെന്നു ഞാൻ മംഗലാപുരത്തെ തെക്കെ കാനറാ കലക്ടറർക്ക എഴുതിയിട്ടുണ്ടു്. അഞ്ചേക്കർ ഭൂമി ആർക്കും ഗവണ്മെൻറു നിയമപ്രകാരം അവകാശപ്പെടാം. ബെലിയാപ്പള്ളിക്കും, കുട്ടർപാടിപള്ളിക്കും കരം ഒഴിവായി അഞ്ചേക്കർഭൂമി വീതം കിട്ടീട്ടുണ്ടു്. ഇവിടെ ഒരു സ്ക്കൂളില്ല. സ്ക്കൂൾ സ്ഥാപിപ്പാൻ ശ്രമമുണ്ടു്. കാനറായിൽ പത്തുപേരിൽ ഒരാൾക്കേ എഴുതുവാനും വായിപ്പാനും അറിവുള്ളു. ഗുണ്ടൂർ മുതലായ പ്രദേശങ്ങളിൽ ആകെ രണ്ടായിരം തിരു:കൊച്ചിക്കാരുണ്ടെന്നു പട്ടേൽ (വില്ലേജധികാരി) പറഞ്ഞു. കൊങ്ങിണി ബ്രാഹ്മണനായ അയാളും പഞ്ചായത്തു പ്രസിഡണ്ടായ അയാളുടെ മകനും വന്നു് എന്നെകണ്ടു അവരുടെ സന്തോഷം കർണ്ണാടകഭാഷയിൽ പ്രദർശിപ്പിക്കുകയും എനിക്ക മംഗളപത്രം തരികയും ചെയ്തു. ഭാഷ അങ്ങോട്ടും ഇങ്ങോട്ടും മനസ്സിലാകുന്നില്ല. നമ്മുടെ നാട്ടിലെ കൊങ്ങിണികൾ പോർത്തുഗീസുകാരെ ഭയന്നു് ഗോവായിൽനിന്നും ടിപ്പുവിനെ ഭയന്നു് കാനറായിൽ നിന്നും ഓടിപ്പോന്നിട്ടുള്ളവരുടെ സന്താനങ്ങളാണു്. അമേരിക്കയിലെ മെക്സിക്കോയിൽ നിന്നു വിശാഖം തിരുനാൾ നമ്മുടെ നാട്ടിലേക്ക കപ്പകൊണ്ടുവന്നതുപോലെ തിരു-കൊച്ചിക്കാരാണു് കാനറായിലേക്ക ആദ്യമായി കപ്പകൊണ്ടുവന്നതു്. ആദ്യകാലത്തു ഈ കിഴങ്ങു തിന്നാൽ മരിച്ചുപോകുമെന്നു ഇവിടത്തുകാർ ഭയപ്പെട്ടിരുന്നു. ഇപ്പോൾ ഇവർക്കു് ഇതു മതി. ഇവരും കപ്പകൃഷി തുടങ്ങിയിട്ടുണ്ടു്.

മണർകാട്ടുകാരാണു് ഗുണ്ടൂർപള്ളിയുടെ ഭൂരിപക്ഷം ഇടവകക്കാർ. ചെറിയാൻ ഈപ്പനും മല്ലപ്പള്ളി പി. എം. അബ്രഹാമും കൈക്കാരന്മാരാണു്. പെരുമ്പാവൂർക്കാരായ ഒരു കുടുംബത്തേയും പിറവം ഒരു പാഴൂർക്കാരനേയും ഞാൻ ഇവിടെ കണ്ടു. ജനത്തിൻെറ ആഗ്രഹപ്രകാരം കന്യാസ്ത്രീ അമ്മയുടെ നാമത്തിലാണു ഞാൻ പള്ളി സ്ഥാപിച്ചതു്. കുഴലൂത്തും വാദ്യവും പടക്കവുമായി ജനം എന്നെ എതിരേററപ്പോൾ എൻെറ ഹൃദയം സന്തോഷിക്കുന്നതിനുപകരം ഞാനറിയാതെ ഒരു സന്താപമാണു എനിക്കുണ്ടായതു്. ജീവിതസൌകര്യത്തിനു നമ്മുടെ നാടും വീടും വിട്ടു പോന്നിരിക്കുന്ന കൊടികൾ പിടിച്ച ഈ കുട്ടികൾ മുതിർന്നവന്നു് ഒരു തലമുറ കഴിയുമ്പോൾ തങ്ങൾ തിരുവിതാംകൂറിൽ നിന്നു ഒരുകാലത്തു വന്നവരാണു് എന്നല്ലാതെ ഏതു ഇടവകയിൽ നിന്നു വന്നു എന്നുള്ളതൊക്കെ മറക്കും. നമ്മുടെ ഭാഷതന്നെ മറന്നു് കർണ്ണാടകംസംസാരിക്കുമല്ലൊ. നമ്മുടെ സഭയോടുള്ള ബന്ധം പുലർത്തുന്നതു ക്രിസ്തുമതവും അവരുടെകുടിയേററസ്ഥലത്തെ പള്ളിയും മാത്രമായിരിക്കും. ഈ സ്ഥിതിക്കു അവരുടെനായകനായ മെത്രാൻ കൊല്ലത്തിലൊരിക്കൽ അവരെ സന്ദർശിക്കുന്നതു മാതൃസഭയോടും, മാതൃനാടിനോടുമുള്ള ബന്ധം പുലർത്തുവാൻ എത്രയോ ആവശ്യമാണു്. പാമ്പാടി, തിരുവല്ലാ, മല്ലപ്പള്ളി, പനയമ്പാലാ, ചെന്നങ്കരി, മുതലായ സ്ഥലങ്ങളിൽ നിന്നു ആളുകൾ വന്നിട്ടുണ്ടു്. ഉപ്പനങ്ങാടിയിൽ നിന്നു ഇരുപതു നാഴിക ദൂരെ മൈസൂർ അതിർത്തിയിൽ സീരാടി, തമ്പിയാടി, എന്നി വനപ്രദേശങ്ങളിൽ നമ്മുടെ നൂറമ്പതു വീട്ടുകാരുണ്ടു്. മററനേകം തിരുവിതാംകൂർകൊച്ചിക്കാരുമുണ്ടു്. ഈ അത്ഭുതകരമായ കുടിയേററംപോലെ ഒരു കുടിയേററം ലോകത്തിൽ വേറെ എവിടെയുണ്ടെന്നു ഞാൻ ആശ്ചര്യപ്പെടുകയാണു്. ദൈവം നമ്മുടെ ജനങ്ങളെ വടക്കോട്ടു തള്ളിവിടുന്നതു് ഉപജീവനത്തിനുവേണ്ടി മാത്രമല്ല, പിന്നെയോ തങ്ങൾമൂലം അക്രൈസ്തവരുടെ ഇടയിൽ ക്രിസ്തുമതം വ്യാപിക്കുവാൻ വേണ്ടിയും കൂടിയാണെന്നു ഞാൻ എല്ലാ സ്ഥലങ്ങളിലും പ്രസ്താവിക്കുന്നു.

ബെലിയാപ്പള്ളിൽ ഇന്നലെ, ഞായറാഴ്ച, കുർബാനചൊല്ലുകയും ഒരുയോഗം നടത്തുകയും ചെയ്തശേഷം ഇന്നു നാലു നാഴിക ദൂരെയുള്ള കന്യാസ്ത്രീഅമ്മയുടെ കുട്ടർപാടിപള്ളിയിലേക്ക പോയി ലുത്തിനിയായും ഒരു യോഗവും നടത്തി. ഇവിടെ 40 വീട്ടുകാരുണ്ടു്. കൈക്കാരൻ ചെങ്ങന്നൂർ എം. പി. വറുഗീസാണു്. ഇനിയും നാലുനാഴിക ദൂരെ മറുതാളത്തുള്ള 20 വീട്ടുകാർക്ക ഭാവിയിൽ ഒരു പള്ളിവയ്ക്കേണ്ടിവരും. വണ്ടി പോകാത്ത വഴിയാകയാൽ ഞാൻ നാലു നാഴിക നടന്നു, കോഴിക്കോട്ടു വച്ചു പട്ടക്കർ കസേരയിൽ എന്നെ ഉയർത്തി ഓക്സിയോസ് വിളിച്ചപ്പോൾ എനിക്ക 115റാത്തൽ തൂക്കമായിരുന്നു. ഓസ്മാട്ടാകുമാരധാരപ്പുഴയുടെ ഒരു കൈവഴികടപ്പാൻ ആളുകൾ എന്നെ കസേരയിൽ എടുത്തപ്പോൾ മൂന്നു റാത്തൽ തൂക്കം കൂടുതൽ കാണും. എന്തുകൊണ്ടെന്നാൽ ഈ യാത്രയിൽ എനിക്ക ധാരാളം മധുരനാരങ്ങയും മററും ഭക്ഷിപ്പാൻ കിട്ടിയിരുന്നു. പനയമ്പാലയിൽ നിന്നുവന്നു് കുടിയേറിപ്പാർക്കുന്ന അപ്പച്ചൻ മുതലായ ഈഴവർ എന്നെ കാണാൻ വന്നു. ക്രിസ്ത്യാനികളൊന്നിച്ചു് ക്രിസ്തുവിൽ വിശ്വസിച്ചു് ഈ പള്ളിയിൽ കൂടി നടക്കണമെന്നു ഞാൻ ഉപദേശിച്ചപ്പോൾ, ആ ഉദ്ദേശത്തോടുകൂടിയാണു് ഞങ്ങൾ കാണുവാൻ വന്നതു് എന്നു അപ്പച്ചൻ എന്നോടു പറകയുണ്ടായി. ഘോഷയാത്രയ്ക്കു കുട്ടികൾ ഇങ്ങനെ പാടി:-

നമ്മളുടെ വന്ദ്യപിതാഔസ്താത്തിയോസ്
തിരുമേനി
മലങ്കര സുറിയാനി സഭയുടെ
അധിപനായ്—
തിരുകൊച്ചി തന്നിൽ നിന്നു വിട്ടു
പോന്ന തൻമക്കളെ
കാട്ടുകോഴിപ്പോയ തന്റെ ആടുകളെ
കണ്ടിട്ടുടൻ
'അവർക്കുള്ള സങ്കടങ്ങൾ എന്തെന്നു
നാം കണ്ടിടട്ടെ'
എന്നോച്ചു ബദ്ധപ്പെട്ടു തേടി വന്നു
കാനറായിൽ.

...ലാ്ക്കാമെന്നു (4-ാം പുറം) പറ... ല്ലാ. ഏറാവും പുരാതന പഞ്ചാംഗ... മുൻപു നാലാംനമ്പറിൽ ഞാൻ ...വയിൽ ഏതെല്ലാം കാര്യങ്ങളാ... ന്നു് അനുഷ്ഠരിച്ചു കാണിക്കണ...ം.

Licence NO. 498 Dated 20-8-1946 Reg. M. 5286

THE CHURCH WEEKLY

ഉത്തമഗീതത്തിൽനിന്നുള്ള ഒരു പാഠം

(പി. സി. അൻഡ്രൂസ് ബി. എ., കുറിച്ചി)

പഴയ നിയമത്തിലെ 39 പുസ്തകങ്ങളിൽ, സദൃശ്യവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം ഇവ ജ്ഞാനിയായ ശലോമോനാൽ വിരചിതങ്ങളാണല്ലോ. പഴയ നിയമകാലത്തു്, സാക്ഷിയിൻപെട്ടകവും സമാഗമനകൂടാരവും എത്രമാത്രം മഹത്തേറിയതും അതിവിശുദ്ധവുമായി പരിഗണിക്കപ്പെട്ടിരുന്നുവോ അപ്രകാരം തന്നെയായിരുന്നു ദൈവവചനത്തിന്റെ മാഹാത്മ്യവും. പുതിയനിയമത്തിൽ എബ്രായലേഖനം വിശുദ്ധിയുടെ വിശുദ്ധ സ്ഥലം എന്നു പറയപ്പെടുന്നുണ്ടു്. അതേ രീതിയിൽ പഴയനിയമത്തിൽ ഉത്തമഗീതത്തിന്റെ പേരു് അതിന്റെ ഉള്ളടക്കത്താൽ അന്വർത്ഥമായിരിക്കുന്നു. ഉത്തമഗീതത്തെ അതിപവിത്രമായി പരിഗണിക്കയും 30 വയസ്സുവരെ ആരും അതു പാരായണം ചെയ്തുകൂടെന്നു യഹൂദശാസ്ത്രിമാർ പഠിപ്പിക്കയും ചെയ്തിരുന്നു. ദിവ്യകാര്യങ്ങളോടു വിരക്തിയുള്ളവർക്കു കേവലം ദുർഗ്രാഹ്യവും പ്രാകൃതം, അവയെ പ്രേമിക്കുന്നവർക്കു് അതിമധുരമനോഹരവും സുഗ്രാഹ്യവുമായ ഒരു ഉപമയാണു് ഉത്തമഗീതമെന്നു് ഒരു വേദശാസ്ത്രപണ്ഡിതൻ പറഞ്ഞിരിക്കുന്നു.

ഉത്തമഗീതത്തിൽ 8 അദ്ധ്യായങ്ങളിലായി ഏററവും അർത്ഥഗർഭങ്ങളായ 117 വാക്യങ്ങൾ അടങ്ങിയിരിക്കുന്നു. പ്രഥമാദ്ധ്യായത്തിലെ ഒന്നാം വാക്യത്തിൽ ഉത്തമഗീതം എന്നു് അത്യുച്ചപദവിയിൽ എഴുതിയിരിക്കുന്നതിൽ നിന്നും തന്നെ അതു ലോകത്തിലെ സർവ്വ ഗീതങ്ങളിലും വച്ചു്, അത്യുൽകൃഷ്ടസ്ഥാനത്തെ അർഹിക്കുന്നു. രണ്ടാം വാക്യത്തിലെ വക്താവു സഭയാകുന്ന മണവാട്ടിയും വിഷയം ക്രിസ്തുവാകുന്ന മണവാളനുമാകുന്നു.

ഞാൻ ശാരോനിലെ പനിനീർപുഷ്പവും താഴ്വരകളിലെ താമരപ്പൂവും ആകുന്നു (2. 1). ഇതു മണവാളന്റെ പ്രസ്താവനയാണു്, വി. വേദത്തിൽ ക്രിസ്തുവിനെ ഒരു പനിനീർ പുഷ്പത്തോടു് ഉപമിച്ചിരിക്കുന്നതു് ഇവിടെ മാത്രമാണു്. ശാരോൻ, പലസ്തീൻ നാട്ടിലെ അതിവിസ്തൃതമായ ഒരു സ്ഥലവും പുൽമാലികളാലും ഓക്കു്, ഒലിവു്, നാരകം എന്നീ വിവിധ തരം വൃക്ഷങ്ങളാലും അതിസുരഭിലങ്ങളായ പുഷ്പവാടികളാലും നിബിഡീകൃതവുമാണു്.

ഈ വാക്യത്തിൽ നാം കാണുന്നതു ക്രിസ്തുതന്റെ നിസ്തുലമായ സ്വഭാവവൈശിഷ്ട്യങ്ങളെപ്പററി ചെയ്യുന്ന സ്വകീയമായ ഒരു പ്രസ്താവനയാണു്. ക്രിസ്തു ശാരോനിലെ പനിനീർപുഷ്പമാകുന്നു. ക്രിസ്തു മനുഷ്യരിൽനിന്നും നിഗൂഢസ്ഥനായിരിക്കാതെ ഏവർക്കും സംപ്രാപ്യനും സാർവ്വത്രികനായ ഒരു രക്ഷിതാവുമാകുന്നു. ശാരോൻ താഴ്വര ഫലപുഷ്ടിയേറിയതും മനോജ്ഞവുമായ ഒന്നത്രെ. ലോകം പല വിധത്തിലുള്ള ആകർഷണങ്ങളും വ്യാമോഹങ്ങളും പ്രലോഭനങ്ങളും കൊണ്ടു വികൃതമായിരിക്കുന്നു. എന്നാൽ പനിനീർപുഷ്പമാകുന്ന ക്രിസ്തു ഭൗമികവും ക്ഷണഭംഗുരവുമായ എല്ലാ പ്രേരകശക്തികളെയും അതിലംഘിക്കയും നശിപ്പിക്കയും ചെയ്യുന്ന ഒരു മഹച്ഛക്തിയാണു്. പനിനീർപുഷ്പം അതിന്റെ ഹൃദ്യമായ മനോഹാരിത, സ്വാഭാവികമായ വർണ്ണസുഭഗത, ആസ്വാദ്യകരമായ പരിമളവാസന എന്നിവയിൽ ക്രിസ്തുവിന്റെ സ്വഭാവത്തോടു ഏററവും അനുരൂപമായിരിക്കുന്നു.

(ലില്ലിപുഷ്പം) താമരപ്പൂവിൽ മൂന്നു പ്രത്യേക ഗുണങ്ങൾ നാം ദർശിക്കുന്നു. . ഹിമംപോലെ വെണ്മയായ നൈർമ്മല്യകാന്തി. 2. വരണ്ട പ്രദേശത്തെ വളർച്ചയാലുള്ള താഴ്മയേറിയ വിനയം. 3. നിസ്സാരമെങ്കിലും ആമോദനിഷ്യന്ദിയായ പരിമള സമൃദ്ധി എന്നിവയാണു്. ലില്ലിപുഷ്പം ഹിമംപോലെ അതിധവളവും വസന്തകാലത്തെപ്പോലെ വാസനാവ്യാപ്യവും, ഏകാന്തതാജന്യമായ വിനയധാരിയുമാകയാൽ സ്വർഗ്ഗീയമാലാഖമാർ അതിനെ സംവീക്ഷിക്കയും ആഹ്ളാദഭരിതരായി മനോഹരഗീതം ആലപിക്കയും ചെയ്യുന്നു: "അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും വ്യസനപാത്രമായും രോഗം ശീലിച്ചവനായും ഇരുന്നു." (യശയ്യാ., 53. 3) എന്നു രേഖപ്പെടുത്തിയിരിക്കുന്നു. താഴ്വരയിലെ താമരപ്പൂവ് ആകൃതിയിൽ ചെറുതെങ്കിലും സദാ സുരഭിഭൂയിഷ്ഠമായിരിക്കയും അതിന്റെ സൗരഭ്യംകൊണ്ടു താഴ്വരകളെ നിറയ്ക്കുകയും ചെയ്യുന്നു. ഇപ്രകാരം നമ്മുടെ രക്ഷകനായ ക്രിസ്തുനാഥൻ മൺമയമായ ഈ പ്രപഞ്ചത്തെ പരിമളപ്പെടുത്തുകയും അങ്ങനെ ആ പരിമളം ഭൂലോകമെങ്ങും സർവ്വദേശങ്ങളിലും സർവ്വജാതികളിലും വ്യാപിക്കയും ചെയ്യുന്നതിനും നാം ശ്രമിക്കയും അതിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ചെയ്യണം.

Printed and Published by N. M. Abraham B.A. at the Malayala Manorama Press, Ko